2023
OCTOBER
18
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ലക്ഷ്യം തെറ്റി ഇസ്‌ലാമിക് സ്റ്റേറ്റ് മിസൈൽ ഗാസ ആശുപത്രിയിലെ വ്യോമാക്രമണത്തിൽ 500 മരണം

**ജറുസലം:** ഗാസയിലെ ആശുപത്രിക്കു നേരെ ഇസ്ലാമിക ഭീകരർ നടത്തിയ ആക്രമണത്തിൽ 500 മരണം. ലക്ഷ്യം തെറ്റി ആക്രമണം നടത്തിയ ഇസ്ലാമിക ഭീകരർ നടത്തിയ ആക്രമണം ഇസ്രായേലിന്റെ മേൽ കെട്ടിവെയ്ക്കാനുള്ള ഹമാസിന്റെ ആരോപണം ഇസ്രയേൽ തള്ളി. ആശുപത്രി ആക്രമിച്ചതിലൂടെ ഇസ്രയേൽ യുദ്ധക്കുറ്റമാണ് ചെയ്തിരിക്കുന്നതെന്നായിരുന്നു ഹമാസ് ഭീകരരുടെ ആരോപണം. പലസ്തീനിൽ നിന്നുള്ള ഇസ്‌ലാമിക് ജിഹാദ് തൊടുത്ത മിസൈൽ വഴിതെറ്റി വീണാണ് ആശുപത്രിയിൽ സ്ഫോടനമുണ്ടായത്. ഈ മാസം 7നുശേഷം ഇസ്രയേൽ ആക്രമണങ്ങളിൽ ഇതുവരെ 3000 പലസ്തീൻകാർ കൊല്ലപ്പെട്ടതായും 12,500 പേർക്കു പരുക്കേറ്റതായും പലസ്തീൻ ആരോഗ്യമന്ത്രാലയം അറിയിച്ചു. വെസ്റ്റ്ബാങ്കിൽ 61 പേർ കൊല്ലപ്പെട്ടു; 1250 പേർക്കു പരുക്കേറ്റു.

ഹമാസ് ഭീകരൻ അയ്മൻ നൗഫലും കൊല്ലപ്പെട്ടു. ദൈറുൽ ബലായിലെ അൽ മഗാസി അഭയാർഥി ക്യാംപിൽ 7 പേർ കൊല്ലപ്പെട്ടു.

ഗാസയിലെ ആശുപത്രിക്കു നേരെയുണ്ടായ ആക്രണത്തെ ഐക്യരാഷ്ട്ര സംഘടനയും ലോകാരോഗ്യ സംഘടനയും അപലപിച്ചു. ആശുപത്രികളും ക്ലിനിക്കുകളും വൈദ്യരംഗത്ത് പ്രവർത്തിക്കുന്നവരും യുഎൻ സ്ഥാപനങ്ങളും രാജ്യാന്തര നിയമപ്രകാരം സംരക്ഷണമുള്ളവയാണെന്ന് യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ് ചൂണ്ടിക്കാട്ടി. അറബ് രാജ്യങ്ങളും കടുത്ത വിമർശനവുമായി രംഗത്തെത്തി. ഇസ്രയേൽ സൈനിക നടപടി നിർത്തിവയ്ക്കണമെന്ന് അറബ് രാജ്യങ്ങൾ ആവശ്യപ്പെട്ടു. ഇസ്രയേൽ അതിർവരമ്പുകൾ ലംഘിക്കുകയാണെന്ന് പലസ്തീൻ പ്രസിഡന്റ് മഹ്മൂദ് അബ്ബാസും പ്രതികരിച്ചു.

അതേസമയം, യുദ്ധം അടുത്ത ഘട്ടത്തിലേക്കു നീങ്ങുകയാണെന്നും അതു കരയുദ്ധമായിരിക്കില്ലെന്നും ഇസ്രയേൽ സൈനിക വക്താവ് പറഞ്ഞു. അതിനിടെ, തെക്കൻ ലബനൻ അതിർത്തിയിൽ ഇസ്രയേൽ സൈന്യവും ഹിസ്ബുല്ലയും തമ്മിലുള്ള സംഘർഷം രൂക്ഷമായി. ഷെല്ലാക്രമണത്തിൽ ഹിസ്ബുല്ല പക്ഷത്തെ 4 പേർ കൊല്ലപ്പെട്ടു.

## എഎൻആർപിസി അധ്യക്ഷപദം ഇന്ത്യക്ക്

**കോട്ടയം:** റബറുത്പാദകരാജ്യങ്ങളുടെ അന്താരാഷ്ട്ര സംഘടനയായ എഎൻആർപിസി (അസോസിയേഷൻ ഓഫ് നാച്ചുറൽ റബർ പൊഡ്യൂസിംഗ് കൺട്രീസ്)യുടെ ചെയർമാൻ സ്ഥാനം ഇന്ത്യക്ക്.

ഗുവാഹതിയിൽ നടന്ന 45ാമത് എഎൻആർപിസി അസംബ്ലിയിൽ ഇന്ത്യയെ പ്രതിനിധാനം ചെയ്ത് റബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ചെയർമാൻ സ്ഥാനം ഏറ്റെടുത്തു. കാലാവധി ഒരു വർഷത്തേക്കാണ്.

പ്രകൃതിദത്തറബർ ഉത്പാദിപ്പിക്കുന്ന 13 രാജ്യങ്ങളാണ് ഇപ്പോൾ എഎൻആർപിസിയിൽ അംഗങ്ങളായിട്ടുള്ളത്. ബംഗ്ലാദേശ്, കമ്പോഡിയ, ചൈന, ഇന്ത്യ, ഇന്തോനേഷ്യ, മലേഷ്യ, മ്യാൻമാർ, പാപുവ ന്യൂ ഗിനിയ, ഫിലിപ്പൈൻസ്, സിങ്കപ്പൂർ, ശ്രീലങ്ക, തായ്‌ലാൻഡ്, വിയറ്റ്നാം എന്നിവയാണ് എഎൻആർപിസിയുടെ ഇപ്പോഴത്തെ അംഗരാജ്യങ്ങൾ.

# 2035 ഇന്ത്യൻ ബഹിരാകാശ നിലയം 2040 മനുഷ്യൻ ചന്ദ്രനിൽ

**ന്യൂഡൽഹി:** ഇന്ത്യയുടെ ഗഗൻയാൻ ദൗത്യത്തിന്റെ പുരോഗതി വിലയിരുത്താനും രാജ്യത്തിൻറെ ബഹിരാകാശ പര്യവേഷണ ശ്രമങ്ങളുടെ ഭാവി രൂപപ്പെടുത്താനും പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ഉന്നതതല യോഗം ചേർന്നു.



രാജ്യത്തിൻറെ ബഹിരാകാശ പദ്ധതികളിലെ വരുംകാല പരിപാടികൾ മോദി വിശദീകരിച്ചു. ചന്ദ്രയാൻ3, ആദിത്യ എൽ1 ദൗത്യങ്ങളുടെ വിജയത്തിൻറെ പശ്ചാത്തലത്തിൽ, 2035ഓടെ ഒരു ഇന്ത്യൻ ബഹിരാകാശ നിലയം സ്ഥാപിക്കാനും 2040ഓടെ ആദ്യത്തെ ഇന്ത്യൻ ബഹിരാകാശ സഞ്ചാരിയെ ചന്ദ്രനിലേക്ക് അയയ്ക്കാനുമുള്ള ലക്ഷ്യം സാധ്യമാക്കണമെന്ന് അദ്ദേഹം നിർദേശം നൽകി. ശുക്രനിലേക്കുള്ള ദൗത്യവും ചൊവ്വയിൽ ഇറങ്ങാനുള്ള ദൗത്യവും ഉൾപ്പെടെ ഗ്രഹാന്തര പദ്ധതികൾക്കായി പ്രവർത്തിക്കാൻ ശാസ്ത്രജ്ഞരോട് പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

ഗഗൻയാൻ ദൗത്യത്തിലെ ആളില്ലാ മൊഡ്യൂളിൻറെ ആദ്യ പരീക്ഷണ വിക്ഷേപണത്തിൻറെ സമഗ്രമായ അവലോകനം ബഹിരാകാശ വകുപ്പ് അവതരിപ്പിച്ചു. 21ന് രാവിലെ 7നും 9നും ഇടയിൽ ശ്രീഹരിക്കോട്ടയിൽ നിന്നാണ് വിക്ഷേപണം. മൂന്നംഗ സംഘത്തെ ഭ്രമണപഥത്തിലെത്തിക്കാനും 7 ദിവസത്തിനു ശേഷം സുരക്ഷിതമായി ഭൂമിയിലേക്ക് മടങ്ങാനും രൂപകൽപ്പന ചെയ്തിട്ടുള്ളതാണ് ഈ 5.3 ടൺ ഹ്യൂമൻ റേറ്റഡ് ലോഞ്ച് വെഹിക്കിൾ. മൂന്ന് ആളില്ലാ വിക്ഷേപണങ്ങളാണ് നടത്തുക. അവയടക്കം 20ഓളം പ്രധാന പരീക്ഷണങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

ഇതുവരെ വികസിപ്പിച്ച സാങ്കേതികവിദ്യകൾ, മനുഷ്യനെ ബഹിരാകാശത്ത് എത്തിക്കാനുള്ള വാഹനങ്ങൾ, സംവിധാനങ്ങളുടെ ഗുണനിലവാരം എന്നിവയുൾപ്പെടെ യോഗം അവലോകനം ചെയ്തു. ഗഗൻയാൻ ദൗത്യം വിജയിച്ചാൽ, അമെരിക്കയ്ക്കും റഷ്യയ്ക്കും ചൈനയ്ക്കും പിന്നാലെ ബഹിരാകാശത്തേക്ക് മനുഷ്യനെ അയയ്ക്കുന്ന നാലാം രാജ്യമായി ഇന്ത്യ മാറും. 2025ൽ ആളെ അയയ്ക്കാനാവുമെന്നാണു പ്രതീക്ഷ.

ബഹിരാകാശ വകുപ്പ് ചാന്ദ്ര പര്യവേക്ഷണത്തിനു മാർഗരേഖ വികസിപ്പിക്കും. ചന്ദ്രയാൻ ദൗത്യങ്ങളുടെ പരമ്പര, അടുത്ത തലമുറ വിക്ഷേപണ വാഹനത്തിൻറെ വികസനം, പുതിയ വിക്ഷേപണത്തറയുടെ നിർമാണം, മനുഷ്യകേന്ദ്രീകൃത ലബോറട്ടറികൾ സ്ഥാപിക്കൽ, അനുബന്ധ സാങ്കേതികവിദ്യകൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടും.

ഓഗസ്റ്റ് 23ന് ചന്ദ്രയാൻ 3 സോഫ്റ്റ് ലാൻഡിങ് നടത്തി ചന്ദ്രൻറെ ദക്ഷിണധ്രുവത്തിൽ തൊടുന്ന ആദ്യത്തെ രാജ്യമെന്ന നേട്ടം ഇന്ത്യ കൈവരിച്ചിരുന്നു. രാജ്യത്തിൻറെ ആദ്യത്തെ സൗരോർജ ദൗത്യമായ ആദിത്യ എൽ1 സെപ്റ്റംബർ 2നു വിജയകരമായി വിക്ഷേപിച്ചിരുന്നു. യോഗത്തിൽ പ്രധാനമന്ത്രിയുടെ ഓഫിസിൻറെ ചുമതലയുള്ള മന്ത്രി ജിതേന്ദ്ര സിങ്, ഐഎസ്ആർഒ ചെയർമാൻ ഡോ. എസ്. സോമനാഥ്, ബഹിരാകാശ ശാസ്ത്രസാങ്കേതിക വകുപ്പ് ഉന്നതോദ്യോഗസ്ഥർ അടക്കമുള്ളവർ സംബന്ധിച്ചു.





# സോച്ച് കോഴിക്കോട്ട് മൂന്നാമത്തെ സ്റ്റോർ തുറന്നു

**കോഴിക്കോട്:** ഇന്ത്യയിലെ മുൻ നിര ഒക്കേഷൻ, ഈവനിങ്ങ് വസ്ത്ര ബ്രാൻഡായ സോച്ച്,കോഴിക്കോട് നഗരത്തിൽ മൂന്നാമത്തെ സ്റ്റോർ തുറന്നു.

കോഴിക്കോട്ടെ ഫാഷൻ പ്രേമികളായ സ്ത്രീകൾക്ക് അസാധാരണമായ എത്ത്നിക് വസ്ത്രങ്ങൾ പ്രദാനം ചെയ്യു ഈ സ്റ്റോർ കൊച്ചി, കണ്ണൂർ, തിരുവനന്തപുരം എിവിടങ്ങളിൽ സ്റ്റോറുകളുള്ള സോച്ചിന്റെ കേരളത്തിലെ 9ാമത്തെ സ്റ്റോർ കൂടിയാണിത്. കോഴിക്കോട്ടെ ഹൈലൈറ്റ് മാളിൽ 1051 ചതുരശ്ര അടി വിസ്തീർണമുള്ള റീട്ടെയിൽ സ്പേസിലാണ് പുതിയ സ്റ്റോർ. ആഘോഷത്തിന്റെ ചൈതന്യം പ്രകടമാക്കു വിപുലമായ ശ്രേണി വാഗ്ദാനം ചെയ്ത്, സമകാലിക ഡിസൈനുകളുമായി പരമ്പരാഗത പ്രിന്റുകൾ തടസമില്ലാതെ സംയോജിപ്പിച്ച്, സീസണിന്റെ സത്തയെ ഉൾക്കൊള്ളു ഊർജസ്വലമായ ഉത്സവ ശേഖരം സോച്ച് സ്റ്റോർ വാഗ്ദാനം ചെയ്യും. സൂക്ഷ്മമായി തയ്യാറാക്കിയ സ്യൂട്ട് സെറ്റുകൾ, സാരികൾ, കുർത്തകൾ, വസ്ത്രങ്ങൾ, ലെഹംഗകൾ, ഫ്യൂഷൻ വസ്ത്രങ്ങൾ എിവ, സോച്ചിന്റെ ശേഖരത്തിൽ ഉൾപ്പെടു. സോച്ചിനെ കോഴിക്കോട് നഗരത്തിലേക്ക് കൊണ്ടുവരുതിൽ ഞങ്ങൾ സന്തുഷ്ടരാണെ് സോച്ച് അപ്പാരൽസ് പ്രൈവറ്റ് ലിമിറ്റഡ് സിഇഒയും സഹസ്ഥാപകനുമായ വിനയ് ചത്‌ലാനി പറഞ്ഞു.


കോഴിക്കോട്ടെ സ്ത്രീകൾക്ക് സമാനതകളില്ലാത്ത ഷോപ്പിങ് അനുഭവം നൽകാനാണ് ഞങ്ങളുടെ പുതിയ സ്റ്റോർ ലക്ഷ്യമിടുത്, എല്ലാ സ്റ്റൈലിനും അവസരത്തിനും അനുയോജ്യമായ എത്ത്നിക് വസ്ത്രങ്ങളുടെ ക്യൂറേറ്റഡ് ശേഖരം സ്റ്റോർ വാഗ്ദാനം ചെയ്യുവെും അദ്ദേഹം കൂട്ടിച്ചേർത്തു. തങ്ങളുടെ സ്റ്റോറുകൾക്കും ഓലൈൻ ചാനലുകൾക്കും പുറമേ റിലയൻസ് സെൻട്രോ സ്റ്റോഴ്സ്, ആമസോ, മിന്ത്ര, അജിയോ എിങ്ങനെയുള്ള വ്യത്യസ്ത രൂപങ്ങളിലുള്ള പ്രമുഖ വിപണികളിലും സോച്ച് ഉൽപ്പങ്ങൾ ലഭ്യമാക്കുന്നുണ്ട്.

# 20 യുവ പ്രതിഭകളെ ആദരിച്ചു

**കൊച്ചി:** പാചക ലോകത്തു തിളങ്ങു കൊച്ചിയുടെ സ്വന്തം നിഹൽ രാജ് അടക്കം 20 യുവ പ്രതിഭകളെ അസ്റ്റോപബിൾ 21 ന്യൂഡൽഹിയിൽ നടത്തിയ ചടങ്ങിൽ ആദരിച്ചു. കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ മുഖ്യാതിഥിയായി.

ശാസ്ത്രം, മാനവികത, കല, പെർഫോമിങ് ആർട്ട്സ്, സാമൂഹ്യ പ്രവർത്തനം, സംരംഭകത്വം തുടങ്ങിയ മേഖലകളിൽ തങ്ങളുടേതായ സംഭാവനകൾ നൽകിയ 21 വയസിനു താഴെയുള്ള യുവപ്രതിഭകളെയാണ് ആദരിച്ചത്. നാലാം വയസിൽ പാചക ലോകത്തേക്കു കട കൊച്ചിയിൽ നിുള്ള നിഹൽ രാജ് ഇതിനകം തെ ഈ രംഗത്ത് അറിയപ്പെടു താരമായി മാറുകയും നിരവധി അംഗീകാരങ്ങൾ നേടുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയുടെ യുവത്വത്തിന്റെ ശക്തി പ്രകടിപ്പിക്കുകയും വെല്ലുവിളികൾ മറികട് തങ്ങളുടെ അഭിലാഷങ്ങൾ പൂർത്തീകരിക്കാൻ ശ്രമിക്കുവരെ പിന്തുണക്കുകയും ചെയ്യു ലക്ഷ്യത്തോടെ ഏർപ്പെടുത്തിയ ലക്ഷ്യമാണ് അസ്റ്റോപബിൾ21. വിവിധ മേഖലകളിലായി തങ്ങളുടെ കഴിവുകൾ തെളിയിച്ച 21 വയസോ അതിൽ താഴെയോ ഉള്ള 21 പേരെയാണ് അസ്റ്റോപബിൾ 21 തെരഞ്ഞെടുത്തത്.

## ഡെറ്റോളിന്റെ പൊതുജനാരോഗ്യ കാമ്പയിൻ



**കൊച്ചി:** ഡെറ്റോളിന്റെ പൊതുജനാരോഗ്യ കാംപെയ്നായ ബനേഗ സ്വസ്ഥ് ഇന്ത്യയുടെ പത്താം സീസണു തുടക്കം. വിവേചന രഹിതമായ ഏക ലോക ശുചിത്വത്തിലാണ് കാമ്പയിൻ പത്താംവാർഷത്തിൽ ഊൽ നൽകുതുംബനേഗ സ്വസ്ഥ് ഇന്ത്യ ഏറ്റവും അഭിമാനകരമായ കാമ്പയിൻ ആണെും റെക്കിറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ക്രിസ് ലിച്ച് പറഞ്ഞു.കാമ്പയിൻ സുപ്രധാന നാഴികക്കല്ലാണ് പത്താം സീസണോടെ പിടുതും അദ്ദേഹം അഭിപ്രായപ്പെട്ടു. ആയുഷ്മൻ ഖുറാനയാണ് കാമ്പയിൻ അംബാസഡർ. മുൻവർഷങ്ങളിൽ വിവിധ ശുചിത്വ സംരംഭങ്ങളിലൂടെ 850,000 സ്കൂളുകളിൽ കാമ്പയിന് എത്താനായി. ഓലൈൻ ഗെയിമായ ഹൈജീയയ്ക്കൊപ്പം,ആദ്യ പൊതുജനാരോഗ്യ, ശുചിത്വ കേന്ദ്രീകൃത പോഡ്കാസ്റ്റ് സ്വാസ്ഥ്യ മന്ത്രയും കാമ്പയിന്റെ ഭാഗമായി ആരംഭിച്ചു.




# ഹോണ്ട കാർസ് ഇന്ത്യ രാജ്യവ്യാപകമായി കാർ സർവീസ് ക്യാമ്പ് സംഘടിപ്പിക്കുന്നു

ന്യൂഡൽഹി: മുൻനിര പ്രീമിയം കാർ നിർമ്മാതാക്കളായ ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡ് (എച്ച്സിഐഎൽ) രാജ്യവ്യാപകമായി ഉത്സവ കാർ സർവീസ് ക്യാമ്പ് ആരംഭിക്കുന്നതായി പ്രഖ്യാപിച്ചു. ഒക്ടോബർ 20 വരെ രാജ്യത്തുടനീളമുള്ള അംഗീകൃത ഡീലർഷിപ്പുകളിൽ ക്യാമ്പ് നടക്കും.

ഈ പ്രത്യേക കാലയളവിൽ, വാഹനത്തിന്റെ മികച്ച അവസ്ഥ ഉറപ്പാക്കുതിന്, ടയർ, ബാറ്ററി പരിശോധനകൾക്കൊപ്പം കോംപ്ലിമെന്ററി കാർ ചെക്ക് ഉൾപ്പെടെയുള്ള വിവിധ സേവനങ്ങൾ കമ്പനി നൽകും. നടുകൊണ്ടിരിക്കു ആഘോഷങ്ങൾക്കുള്ള ഒരു പ്രത്യേക ട്രീറ്റ് എ നിലയിൽ, ഉപഭോക്താക്കൾക്ക് വാഹന ഭാഗങ്ങൾക്കും ലേബർ ചാർജിലും ഉത്സവകാല ഡിസ്കൗണ്ടും കോംപ്ലിമെന്ററി കാർ വാഷും ലഭിക്കും. മൂല്യവർദ്ധിത സേവനങ്ങൾ സൗന്ദര്യവൽക്കരണം, പെയിന്റ് ട്രീറ്റ്മെന്റ്, ടയർ എന്നിവയിൽ പ്രത്യേക കിഴിവുകളും ലഭ്യമാണെ് ഹോണ്ട കാർസ് ഇന്ത്യ മാർക്കറ്റിംഗ് ആന്റ് സെയിൽസ് വൈസ് പ്രസിഡന്റ് കുനാൽ ബെൽ പറഞ്ഞു, ഈ ഓഫറുകൾക്കൊപ്പം, വിവിധ ആക്സസറികൾ, സ്പെയർ പാർട്ടുകൾ, ക്യാഷ് റിപ്പയർ എന്നിവയിലും കിഴിവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ആനുകൂല്യങ്ങൾ ലഭിക്കുതിന്നന് അടുത്തുള്ള ഡീലർഷിപ്പുകൾ സന്ദർശിക്കണം.

ഉത്സവകാല ക്യാമ്പിൽ, പഴയ കാറുകളുടെ സൗജന്യ വിലയിരുത്തലിനൊപ്പം ഹോണ്ട സെൻസിംഗിന്റെ നൂതനമായ അഉഅട സാങ്കേതിക വിദ്യയും ഒരു ടെസ്റ്റ് ഡ്രൈവിലൂടെ അനുഭവിക്കാനാകും.ഹോണ്ട കാർസ് ഇന്ത്യ,ഇപ്പോൾ നടന്നുകൊണ്ടിരിക്കു ദി ഗ്രേറ്റ് ഹോണ്ട ഫെസ്റ്റിന്റെ ഭാഗമായി ബെസ്റ്റ് സെല്ലറായ ഹോണ്ട സിറ്റിക്കും അമേസിനും ആകർഷകമായ കിഴിവുകളും പ്രമോഷനുകളും ഏർപ്പെടുത്തിയിട്ടുണ്ട്. ഫെസ്റ്റിൽ, ഉപഭോക്താക്കൾക്ക് ഹോണ്ട സിറ്റിയിൽ 75,000 രൂപ വരെയും ഹോണ്ട അമേസിൽ 57,000 രൂപ വരെയും ക്യാഷ് ഡിസ്കൗണ്ടുകൾ, കസ്റ്റമർ ലോയൽറ്റി ബോണസ്, ആക്സസറികൾ, കോർപ്പറേറ്റ് ഡിസ്കൗണ്ടുകൾ, പ്രത്യേക എക്സ്ചേഞ്ച് ആനുകൂല്യങ്ങൾ എിങ്ങനെയുള്ള ആനുകൂല്യങ്ങൾ ലഭിക്കും.

കൂടാതെ, ആകർഷകമായ വിലയിൽ വർദ്ധിപ്പിച്ച ഫീച്ചറുകളും സൗകര്യവും ലഭ്യമാക്കാൻ ലക്ഷ്യമിട്ട് ഹോണ്ട സിറ്റിയുടെയും അമേസിന്റെയും ഉത്സവ പതിപ്പുകളും കമ്പനി അവതരിപ്പിച്ചിട്ടുണ്ട്.



# സിനഡിലെ സീറോമലബാർ സഭാംഗങ്ങൾ മാർപാപ്പയുമായി കൂടിക്കാഴ്ച നടത്തി

**കാക്കനാട്:** ആഗോള കത്തോലിക്കാ സഭാ സിനഡിൽ പങ്കെടുക്കുന്ന സീറോമലബാർ സഭയുടെ പ്രതിനിധികൾ സിനഡു സമ്മേളനത്തിനുമുമ്പ് ഫ്രാൻസിസ് മാർപാപ്പയുമായി പ്രത്യേക കൂടിക്കാഴ്ച്ച നടത്തി. ഫാ. ജേക്കബ് കൂരോത്ത് വരച്ച വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ ഐക്കൺ കർദിനാൾ മാർ ജോർജ് ആലഞ്ചേരി മാർപാപ്പയ്ക്ക് സമ്മാനിച്ചു. സിബിസിഐ പ്രസിഡന്റ് എ നിലയിൽ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് മാർപാപ്പയെ ഇന്ത്യ സന്ദർശിക്കാൻ വീണ്ടും ക്ഷണിച്ചു.

മാർപാപ്പ ഇന്ത്യാ സന്ദർശനത്തിനുള്ള തന്റെ ആഗ്രഹം പ്രകടിപ്പിച്ചു. സീറോമലബാർ സഭാ പ്രതിനിധികളായ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി,ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് .ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി എന്നിവർക്കൊപ്പം സിനഡിൽ സംബന്ധിക്കുന്ന മറ്റു മലയാളികളും കൂടിക്കാഴ്ച്ചയിൽ പങ്കുചേർന്നു. ഓസ്ട്രേലിയയെ പ്രതിനിധീകരിച്ച് മെൽബ രൂപത ചാൻസലർ ഫാ. സിജീഷ് പുല്ലൻകുന്നേൽ, ഗൾഫ് രാജ്യങ്ങളിലെ സഭയെ പ്രതിനിധീകരിക്കുന്ന ദുബായിൽനിന്നുള്ള മാത്യു തോമസ്, സിനഡൽ മീഡിയ ടീം അംഗമായ ഫാ. ജോർജ് പ്ലാത്തോട്ടം, സിനഡൽ ടീമിനെ സഹായിക്കുന്ന സംഘത്തിലെ അംഗമായ ബെൽത്തങ്ങാടി രൂപതാംഗം ഫാ. ടോമി കള്ളിക്കാട്ട് എിവരും കൂടിക്കാഴ്ച്ചയിൽ പങ്കെടുത്തു.

# അഡ്വാൻസ് ബുക്കിംഗിൽ കുതിപ്പു തുടർന്ന് ലിയോ

ലിയോ റിലീസാകും മുന്നേ ഇത്രയേറെ ഹൈപ്പ് കിട്ടിയ സൗത്ത് ഇന്ത്യൻ ചിത്രം ഇല്ലാ എന്ന് തന്നെ നിസ്സംശയം പറയാം. ഇതുവരെയുള്ള ടിക്കറ്റ് പ്രീ ബുക്കിങ് റെക്കോർഡുകൾ പോലും കാറ്റിൽ പറത്തി അക്ഷരാർത്ഥത്തിൽ സിനിമാ ലൊകം അടക്കി വാഴുകയാണ് ദളപതി വിജയ്. ലോകേഷ് കനകരാജ് എന്ന സൂപ്പർ ഹിറ്റ് സംവിധായകനും തൊടുന്നതൊക്കെ പൊന്നാക്കുന്ന സംഗീത സംവിധായകൻ അനിരുദ്ധ് രവിചന്ദറും വിജയിനോടൊപ്പം ചേരുമ്പോൾ പ്രേക്ഷകരുടെ ആവേശം വാനോളം ആണ്. കേരളത്തിലെ പ്രീ സെയിൽ മാത്രം 9 കോടി രൂപയിലേക്ക് കുതിക്കുകയാണ്. വിദേശ രാജ്യങ്ങളിലും റെക്കോർഡുകൾ തിരുത്തിക്കുറിച്ച് ലിയോ അഡ്വാൻസ് ബുക്കിങ് കുതിക്കുകയാണ്. ലിയോയെക്കുറിച്ച് ചിത്രത്തിന്റെ ക്യാമറാമാൻ മനോജ് പരമഹംസ പറഞ്ഞ വാക്കുകൾ ആണ് ഇപ്പോൾ ശ്രദ്ധേയമാകുന്നത്.

അദ്ദേഹം തന്റെ ടിറ്ററിൽ കുറിച്ചത് ഇപ്രകാരമാണ്. നടൻ വിജയ് സാർ ഒരിക്കൽ കൂടി എന്നെ വിശ്വസിച്ചതിന് നന്ദി! സാർ, ലിയോയിൽ താങ്കൾ നടത്തിയ പ്രകടനം ശ്രദ്ധേയമാണ്! ഡയറക്ടർ ലോകേഷ് നിങ്ങൾ ഒരു പ്രതിഭയും രത്നവുമാണ്, ഏതൊരു ഡിഒപിയും നിങ്ങളോടൊപ്പം പ്രവർത്തിക്കാൻ ഇഷ്ടപ്പെടുന്നു!അനിരുദ്ധ് നിങ്ങളുടെ സംഗീതം ട്രെയിൽ ബ്ലേസർ ആണ്. അൻപറിവ് മാസ്റ്റേഴ്സ് നിങ്ങളാണ് മികച്ചത്, കലാസംവിധായകൻ സതീഷ് നിങ്ങൾ മുഴുവൻ ടീമിലെയും ഏറ്റവും അർപ്പണബോധമുള്ള ടെക്നീഷ്യനാണ്. ഫിലോമിൻരാജ് നിങ്ങൾ ഏറ്റവും മികച്ച എഡിറ്റർ ആണ്. ചിത്രത്തിന്റെ നിർമ്മാതാക്കളായ സെവൻ സ്ക്രീൻ സ്റ്റുഡിയോസിനും ജഗദീഷ് പളനിസ്വാമിക്കും. മിസ്റ്റർ രത്ന വളരെ ആവേശത്തിലാണ് ലിയോ എന്ന സിനിമയുടെ ഗ്രേഡിംഗ് പ്രക്രിയയിലൂടെ ഡോൾബി വിഷൻ വർക്ക്ഫ്ലോ അവതരിപ്പിക്കുന്നതിൽ.

പ്രേക്ഷകരെ ഏറ്റവും മികച്ച രീതിയിൽ രസിപ്പിക്കുന്നതിന് കൃത്യമായ ഉദ്ദേശ്യത്തോടെയുള്ള വർക്ക്ഫ്ലോ എല്ലാ ഫോർമാറ്റുകളിലും വിതരണം ചെയ്യുന്നതിനുള്ള എന്റെ കരിയറിലെ ഒരു പ്രത്യേക നാഴികക്കല്ലാണ് ലിയോ.ജ2.39 വീക്ഷണാനുപാതത്തിലാണ് ലിയോ ചിത്രീകരിച്ചിരിക്കുന്നത്. ഞലറബരശിലാമ റൊരെ3 ക്യാമറകൾക്കൊപ്പം ഫുൾ ഫ്രെയിം 1.8ഃ രീസലീുശേരെ അനാമോർഫിക്സ് ഉപയോഗിക്കുന്നു.ലോകേഷ് ആധുനിക ആക്ഷൻ സിനിമകൾ നിർമ്മിക്കുന്നു, പക്ഷേ അദ്ദേഹത്തിന്റെ ചിന്തകൾ ക്ലാസിക് വിന്റേജ് ആണ്. വിന്റേജ് സിനിമാസ്കോപ്പ് ഫ്രെയിമിംഗിൽ ചിത്രീകരിക്കാൻ ഇഷ്ടപ്പെടുന്നതുപോലെ വിന്റേജ് ഗാനങ്ങൾ അദ്ദേഹം തന്റെ സിനിമകളിൽ ഉപയോഗിക്കുന്നു, കൂടാതെ തന്റെ അടുത്ത സിനിമയിൽ സെല്ലുലോയ്ഡ് ഫിലിം ഐമാക്സ് ക്യാമറകളിൽ ചിത്രീകരിക്കാനും അദ്ദേഹം ആഗ്രഹിക്കുന്നു. ഈ ചെറിയ കാലയളവിൽ ഇത് സാധ്യമാക്കാൻ എന്റെ എല്ലാ സഹായികളും എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാരും മുഴുവൻ ക്രൂവും.ഇപ്പോൾ ലിയോ എല്ലാം നിങ്ങളുടേതാണ്. ലിയോയെക്കുറിച്ച് മനോജിന്റെ വാക്കുകൾ ഇപ്പോൾ സോഷ്യൽ മീഡിയയിൽ വൈറലാണ്. കേരളത്തിൽ ശ്രീ ഗോകുലം മൂവീസ് ആണ് ലിയോയുടെ വിതരണാവകാശം സ്വന്തമാക്കിയത്. ഡ്രീം ബിഗ് ഫിലിംസ് ആണ് ചിത്രം കേരളത്തിലെ തിയേറ്ററുകളിലേക്കെത്തിക്കുന്നത്. ലോകേഷ് കനകരാജിന്റെ വിക്രത്തിന്റെ ബ്ലോക്ക് ബസ്റ്റർ വിജയത്തിന് ശേഷം ലിയോയുടെയും പി ആർ ഓ പ്രതീഷ് ശേഖർ ആണ്.




# ഖുർബാനി ലിറിക്കൽ വീഡിയോ

ഷെയ്ൻ നിഗം,ആർഷ ബൈജു, ചാരുഹാസൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ജിയോ വി തിരക്കഥയുമെഴുതി സംവിധാനം ചെയ്യുന്ന ഖുർബാനി എന്ന് ചിത്രത്തിലെ ലിറിക്കൽ വീഡിയോ ഗാനം റിലീസായി.പോയകാലത്തിന്റെ കയ്യൊപ്പുമായി കൈതപ്രം എഴുതി എം. ജയചന്ദ്രൻ സംഗീതം പകർന്ന മാമ്പഴ തോട്ടത്തിൽ എന്ന മനോഹര ഗാനംവിനീത് ശ്രീനിവാസൻ ശ്രുതി ഹരിദാസ് എന്നിവർ ആലപിക്കുന്നു.




വർണ്ണചിത്രയുടെ ബാനറിൽ മഹാ സുബൈർ നിർമ്മിക്കുന്ന ഈ ചിത്രത്തിൽ സൗബിൻ ഷാഹിർ,ഹരിശ്രീ അശോകൻ,ജോയ് മാത്യു, ശ്രീജിത്ത് രവി, പ്രശാന്ത് അലക്സാണ്ടർ,ഹരീഷ് കണാരൻ, സുനിൽ സുഖദ,മൻരാജ്, രാജേഷ് ശർമ്മ, ജെയിംസ് ഏലിയ,അജി,കോട്ടയം പ്രദീപ്,സുധി കൊല്ലം,സതി പ്രേംജി,നന്ദിനി,നയന,രാഖി തുടങ്ങിയ പ്രമുഖ താരങ്ങളും അഭിനയിക്കുന്നു.സുനോജ് വേലായുധൻ ഛായാഗ്രഹണം നിർവഹിക്കുന്നു.

എഡിറ്റർ ജോൺകുട്ടി, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ സൈനുദ്ദീൻ,കല സഹസ് ബാല, വസ്ത്രാലങ്കാരം അക്ഷയ പ്രേംനാഥ്, മേക്കപ്പ്ഷാജി പുൽപ്പള്ളി,പ്രൊഡക്ഷൻ കൺട്രോളർഷമീജ് കൊയിലാണ്ടി, സ്റ്റിൽസ് സൂപ്പർ ഷിബു, ഡിസൈൻജിസ്സൺ പോൾ, വിതരണം വർണ്ണചിത്ര,പി ആർ ഒഎ എസ് ദിനേശ്.

# വൺ പ്രിൻസസ് സ്ട്രീറ്റ്

ബാലു വർഗീസ്, ആൻ ശീതൾ, അർച്ചന കവി, ലിയോണ ലിഷോയ്,എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി സിമയോൺ സംവിധാനം ചെയ്യുന്ന വൺ പ്രിൻസസ് സ്ട്രീറ്റ് എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റീലീസായി.ഷമ്മി തിലകൻ, ഹരിശ്രീ അശോകൻ, ഭഗത് മാനുവൽ,സിനിൽ സൈനുദ്ദീൻ,കലാഭവൻ ഹനീഫ്,റെജു ശിവദാസ്,കണ്ണൻ, റോഷൻ ചന്ദ്ര,വനിത കൃഷ്ണചന്ദ്രൻ,ജോളി ചിറയത്ത് എന്നിവരാണ് മറ്റു താരങ്ങൾ.മാക്രോ മോഷൻ പിക്ചേഴ്സിന്റെ ബാനറിൽ ലജു മാത്യു ജോയ് നിർമ്മിക്കുന്നഈ ചിത്രത്തിന്റെ ഛായാഗ്രഹണം അർജ്ജുൻ അക്കോട്ട് നിർവ്വഹിക്കുന്നു.

കോ പ്രൊഡ്യൂസർയുബിഎ ഫിലിംസ്, റെയ്ൻ എൻ ഷൈൻ എന്റർടെയ്ൻമെന്റസ്.സിമയോൺ, പ്രവീൺ ഭാരതി, ടുട്ടു ടോണി ലോറൻസ്, എന്നിവർ ചേർന്ന് കഥ തിരക്കഥ സംഭാഷണമെഴുതുന്നു.മനു മഞ്ജിത്ത്, വിനായക് ശശികുമാർ എന്നിവരുടെ വരികൾക്ക് പ്രിൻസ് ജോർജ്ജ് സംഗീതം പകരുന്നു.എഡിറ്റർആയൂബ് ഖാൻ.പ്രൊഡക്ഷൻ കൺട്രോളർസന്തോഷ് ചെറുപൊയ്ക, കലവേലു വാഴയൂർ,വസ്ത്രാലങ്കാരംറോസ് റെജീസ്, മേക്കപ്പ് ജിത്തു പയ്യന്നൂർ,സ്റ്റിൽസ്ഷിജിൻ പി രാജ്, പരസ്യകലയെല്ലോ ടൂത്ത്സ്,സ്റ്റണ്ട് മാഫിയ ശശി,നൃത്തംഅനഘ മറിയ,ലൂഷി,നീരജ് സുകുമാരൻ, വിഎഫ്




എക്സ്ജിഷ്ണു രഘു പിഷാരടി,ചീഫ് അസോസിയേറ്റ് ഡയറക്ടർകെ എസ് ഷൈൻ, അസോസിയേറ്റ് ഡയറക്ടർ റിനീഷ് പവിത്രൻ, അസിസ്റ്റന്റ് ഡയറക്ടർ യതീന്ദ്രൻ, ഫെമിന നെൽസൺ, ആനന്ദ് സജീവ്, അഭിജിത്ത് സൂര്യ, വിശാഖ് നാഥ്, ഫിനാൻസ് കൺട്രോളർ ആന്റണി ജോയ്,ചീഫ് അസോസിയേറ്റ് ക്യാമറമാൻമൈക്കിൾ ജോസഫ്,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്സഫി ആയൂർ, പ്രൊഡക്ഷൻ മാനേജർബിനു തോമസ്,പി ആർ ഒഎ എസ് ദിനേശ്.



# പ്ലാറ്റിനം ലവ് ബാന്റുകളുടെ പുതിയ ശേഖരം മോമെന്റ് ഓഫ് കമ്മിറ്റ്മെന്റ് പുറത്തിറക്കി

**കൊച്ചി:** വളരെ അപൂർവമായ ഒരു പ്രണയം ആഘോഷിക്കാൻ, പ്ലാറ്റിനം ലവ് ബാൻഡ്സ് പുതിയ ശേഖരം അവതരിപ്പിക്കുു. 95% ശുദ്ധവും അപൂർവവുമായ പ്ലാറ്റിനത്തിൽ ചെയ്ത മോമെന്റ് ഓഫ് കമ്മിറ്റ്മെന്റ് പ്ലാറ്റിനം ലവ് ബാൻഡുകൾ പ്രണയത്തിന്റെ ആത്യന്തിക പ്രതീകമാണ് അധികൃതർ വ്യക്തമാക്കി.ആകർഷകമായ പാറ്റേണുകൾ, വ്യതിരിക്തമായ ടെക്സ്ചറുകൾ, മനോഹരമായ വരകൾ, ഗംഭീരമായ രൂപങ്ങൾ എങ്ങനെ സൂക്ഷ്മമായി രൂപകൽപ്പന ചെയ്തിരുതാണ് ഈ പുതിയ ശേഖരം. ഹാർട്ട്സ് ഇൻ ഹാർമണി, ലാസ്റ്റിങ് പ്രോമിസസ്, ട്രിസ്ഫുൾ ബാലൻസ് തുടങ്ങിയ പുതിയ പ്ലാറ്റിനം ശേഖരം ഇന്ത്യയിലെ പ്രമുഖ ജ്വല്ലറി റീട്ടെയിൽ സ്റ്റോറുകളിൽ ഉടനീളം ലഭ്യമാണ്.

ഹാർട്ട്സ് ഇൻ ഹാർമണി ലവ് ബാൻഡുകൾ മിറർ ഇമേജുകളാണ്. 95% ശുദ്ധമായ പ്ലാറ്റിനത്തിൽ രൂപപ്പെടുത്തിയ ഈ ആഭരണങ്ങൾ നിങ്ങളുടെ അഭേദ്യമായ ബന്ധത്തിന്റെ സ്ഥായിയായ പ്രതീകങ്ങളായി വർത്തിക്കും. സമാനതകളില്ലാത്ത കരുത്തുറ്റ ലോഹമായ പ്ലാറ്റിനത്തിൽ കാസ്റ്റ് ചെയ്തെടുത്ത ലാസ്റ്റിങ് പ്രോമിസസ് പ്ലാറ്റിനം ലവ് ബാൻഡുകൾ നിങ്ങളുടെ പ്രണയത്തിന്റെ കരുത്തുമായി തികച്ചും പൊരുത്തപ്പെടുു. ട്രിസ്ഫുൾ ബാലൻസ് ലവ് ബാൻഡുകൾ പുരുഷന്മാരുടെ മോതിരത്തിൽ ബ്രഷ് ചെയ്തതും തിളങ്ങുതുമായ ടെക്സ്ചറുകളും സ്ത്രീകളുടെ മോതിരത്തിൽ പ്ലെയിൻ സ്റ്റസ്റ്റ് ഫിനിഷുകളും സംയോജിപ്പിക്കുന്നു.



# പാലക്കാട് ജില്ലയിൽ 7300 വിദ്യാർത്ഥികൾക്ക് പിഗ്ഗി ബാങ്ക് കോയിൻ ബോക്സുകൾ നൽകി ശബരി ഗ്രൂപ്പ്

**പാലക്കാട്:** ശബരി ഗ്രൂപ്പിന്റെ ഭാഗമായ ശബരി ചാരിറ്റബ്ൾ ട്രസ്റ്റ് വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുതിനു ലക്ഷ്യമിട്ട് നടപ്പാക്കിയ പിഗ്ഗി ബാങ്ക് കോയിൻ ബോക്സ് പദ്ധതി വിളയൻ ചാത്തൂർ ശബരി വിഎൽഎൻഎം യുപി സ്കൂളിൽ നടന്ന ചടങ്ങിൽ മുൻ കേന്ദ്രമന്ത്രി പ്രൊഫ. കെ. വി. തോമസ് ഉൽഘാടനം ചെയ്തു.

പിങ്കി ബാങ്ക് കോയിൻ ബോക്സുകളുടെ വിതരണവും സ്റ്റുഡന്റ് ഡെവലപ്മെന്റ് രജിസ്റ്ററിന്റെ പ്രകാശനവും ശബരി ഗ്രൂപ്പിന്റേയും ചാരിറ്റബ്ൾ ട്രസ്റ്റിന്റേയും ചെയർമാൻ പി ശശികുമാർ നിർവഹിച്ചു.

ജില്ലയിൽ ഗ്രൂപ്പിനുള്ള സ്കൂളുകളിൽ വിളയൻ ചാത്തൂർ, കല്ലുവഴി, പള്ളിക്കുറുപ്പ് ഹൈസ്കൂൾ, പള്ളിക്കുറുപ്പ് ഹയർ സെക്കൻഡറി, അടയ്ക്കാപ്പുത്തൂർ ഹൈസ്കൂൾ, അടയ്ക്കാപ്പുത്തൂർ ഹയർ സെക്കൻഡറി എന്നീ ആറ് സ്കൂളുകളിലെ 7300 വിദ്യാർത്ഥികൾക്കാണ് പിഗ്ഗി ബാങ്ക് കോയിൻ ബോക്സുകൾ വിതരണം ചെയ്തത്. ഓരോ പിഗ്ഗി ബാങ്ക് കോയിൻ ബോക്സിലും നൂറു രൂപ വീതം സമ്മാനമായി നിക്ഷേപിച്ചിരുന്നു. പദ്ധതി ഉദ്ഘാടനത്തോടൊപ്പം ജില്ലയിലെ ആദ്യത്തെ സയൻസ് പാർക്ക് പള്ളിക്കുറുപ്പ് ശബരി എച്ച് എസ് എസിൽ മണ്ണാർക്കാട് മുൻസിപ്പൽ ചെയർമാൻ ബഷീർ ഉദ്ഘാടനം ചെയ്തു.

# തീർത്ഥങ്കര തടാകം അമൃത സരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കണം



**കാഞ്ഞങ്ങാട്:** പടന്നക്കാട് തീർത്ഥങ്കര തടാകം കേന്ദ്രസർക്കാരിൻറെ അമൃത സരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി ചുറ്റിലും വെളിച്ച സംവിധാനവും നടപ്പാതകളും നിർമിച്ച് സംരക്ഷിക്കണമെന്ന ആവശ്യം ശക്തമാകുന്നു.

പൗരാണികമായ കടഞ്ഞത്തൂർ മഹാവിഷ്ണു ക്ഷേത്രവുമായും നീലേശ്വരം രാജവംശവുമായും അഭേദ്യമായ ബന്ധമുള്ള തീർത്ഥങ്കര തടാകത്തിൻറെ വിസ്തൃതി പത്ത് ഏക്കറിലധികം വരും. പടന്നക്കാട് കാർഷിക കോളജിൻറെ ഉടമസ്ഥതയിലുള്ള തടാകത്തിൻറെ നവീകരണത്തിലൂടെ നീലേശ്വരംകാഞ്ഞങ്ങാട് മുനിസിപ്പാലിറ്റികളുടെ വിനോദ സഞ്ചാര സാധ്യതകൾ വർധിക്കും. നീലേശ്വരം രാജവംശത്തിൻറെ ഭസ്മക്കുളമായി ഉപയോഗിച്ചിരുന്ന തീർത്ഥങ്കര തടാകം താമരക്കുളം എന്ന പേരിലും അറിയപ്പെടാറുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ ആഫ്രിക്കൻ പായലുകൾ നീക്കിയതിൻറെ ഫലമായി വർഷങ്ങൾക്ക് ശേഷം താകത്തിൽ താമരകൾ വിരിഞ്ഞ് മനോഹരമായ ദൃശ്യവിരുന്നാണ് ഒരുക്കിയിരിക്കുന്നത്. ഒരു പ്രദേശത്തിൻറെ ആകെ നീന്തൽ പരിശീലന കേന്ദ്രം കൂടിയായിരുന്ന തീർത്ഥക്കുളത്തിലിപ്പോഴും കുറെ ഭാഗത്ത് ആഫ്രിക്കൻ പായൽ നിറഞ്ഞ നിലയിലാണ്.

വിവിധ വർണ്ണത്തിലും വലുപ്പത്തിലുമുള്ള പൂമ്പാറ്റകളും വിവിധ കാലാവസ്ഥയിൽ എത്തിച്ചേരുന്ന ദേശാടന പക്ഷികളും തടാകത്തിൻറെ ആകർഷണീയതയ്ക്ക് മാറ്റുകൂട്ടുന്നവയാണ്.

ജൈവ വൈവിധ്യം കൊണ്ട് സമ്പന്നമായ തീർത്ഥക്കുളത്തിൻറെ സംരക്ഷണത്തെക്കുറിച്ചും തടാകത്തിൻറെ വിനോദസഞ്ചാര സാധ്യതകളെക്കുറിച്ചും ശാസ്ത്രയുടെ ആഭിമുഖ്യത്തിൽ പ്രദേശവാസികളിൽ ബോധവത്കരണം നടത്തുമെന്നും കാർഷിക കോളജ് അധികൃതർക്കും ജനപ്രതിനിധികൾക്കും നിവേദനം സമർപ്പിക്കുമെന്നും ശാസ്ത്രസോഷ്യൽ ആക്ഷൻ ഗ്രൂപ്പ് ജില്ലാ ഭാരവാഹികൾ അറിയിച്ചു.

യോഗത്തിൽ ടി.എം. സുരേന്ദ്രനാഥ് അധ്യക്ഷത വഹിച്ചു. ഡോ.നന്ദകുമാർ കോറോത്ത്, ടി.വി. ജയരാജൻ, രാമകൃഷ്ണൻ മോനാച്ച, എം. വിജയൻ, പി.കെ. ചന്ദ്രശേഖരൻ, ഇ.വി. പത്മനാഭൻ എന്നിവർ പ്രസംഗിച്ചു. പി. വിജയകുമാർ ഹരിപുരം സ്വാഗതവും ഇ. തമ്പാൻ നന്ദിയും പറഞ്ഞു.

# സംസ്ഥാനത്ത് വയോജന കമ്മീഷൻ രൂപീകരിക്കും: മന്ത്രി

**കൊച്ചി:** വയോജനങ്ങളുടെ ക്ഷേമത്തിനും പ്രശ്ന പരിഹാരങ്ങൾക്കുമായി സംസ്ഥാനത്ത് വയോജന കമ്മീഷൻ രൂപീകരിക്കുമെന്ന് ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.ആർ.ബിന്ദു പറഞ്ഞു. എറണാകുളം ജില്ലാ പഞ്ചായത്ത് നൈപുണ്യ നഗരം പദ്ധതി പഠിതാക്കളുടെ സംഗമവും സർട്ടിഫിക്കറ്റ് വിതരണവും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ കാലത്താണ് നാം ജീവിക്കുന്നത്. ആധുനിക സാമൂഹ്യ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ് ഡിജിറ്റൽ സാങ്കേതികവിദ്യ. ആ നൂതന സാങ്കേതത്തെ കുറിച്ചുള്ള അറിവ് കാലത്തിന്റെ അനിവാര്യതയായി മാറി. ഈ സാഹചര്യത്തിൽ വയോജനങ്ങൾക്ക് ഡിജിറ്റൽ സാങ്കേതികവിദ്യയിൽ അറിവ് നൽകി പരിശീലിപ്പിക്കുന്ന എറണാകുളം ജില്ലാ പഞ്ചായത്തിന്റെ നൈപുണ്യ നഗരം പദ്ധതി ഏറെ കാലിക പ്രസക്തിയുള്ളതാണ്. ഇത്തരത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ച ജില്ലാ പഞ്ചായത്തിനെ അഭിനന്ദിക്കുന്നതായും മന്ത്രി പറഞ്ഞു. ഈ പദ്ധതി വഴി ലഭിക്കുന്ന അറിവ് ജീവിതത്തെ പുതുക്കി പണിയാൻ ഉപകരിക്കും. ലഭിച്ച അറിവുകൾ പരമാവധി പ്രയോജനപ്പെടുത്തി മറ്റുള്ളവരിലേക്ക് എത്തിക്കണം. ഓരോരുത്തരും സമൂഹ്യമാധ്യമങ്ങൾ ഉൾപ്പെടെ ഉപയോഗിക്കാൻ പ്രാപ്തരാകണമെന്നും മന്ത്രി പറഞ്ഞു.

മുഖ്യധാരയിൽ നിന്നും മാറ്റി നിർത്തപ്പെടേണ്ടവരല്ല വയോജനങ്ങൾ. അവരെ ചേർത്തുനിർത്തുന്ന നയമാണ് സർക്കാരിനുള്ളത്. ഏറെ അനുഭവസമ്പത്തും പ്രായോഗിക അറിവുമുള്ള അവരുടെ വിലപ്പെട്ട സംഭാവനകൾ സാമൂഹ്യ പുനർനിർമ്മാണത്തിന് സഹായകരമാണ്. വയോജന ക്ഷേമം ലക്ഷ്യമിട്ട് നിരവധി പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. വയോജനങ്ങളിൽ പൊതുവേ കാണപ്പെടുന്ന ഒരു അവസ്ഥയാണ് ഓർമ്മ നഷ്ടപ്പെടൽ. അതിനൊരു പരിഹാരം എന്ന നിലയിൽ സംസ്ഥാനത്തുടനീളം മെമ്മറി ക്ലിനിക്കുകൾ സജ്ജമാക്കുകയാണ്. വയോമിത്രം, വയോജന പാർക്കുകൾ തുടങ്ങി മറ്റ് ഒട്ടനേകം പദ്ധതികളും യാഥാർത്ഥ്യമാക്കി വരുന്നു. ഈ പദ്ധതികളെ സംബന്ധിച്ചുള്ള പൂർണ്ണ വിവരങ്ങൾ സാമൂഹ്യ നിതിവകുപ്പിന്റെ സുനീതി പോർട്ടലിൽ ലഭ്യമാണെന്നും മന്ത്രി പറഞ്ഞു.

നൈപുണ്യ നഗരം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് തുടർ പരിശീലനം ഉറപ്പാക്കുന്നതിനായി റിവൈവ് പദ്ധതിയുടെ ഭാഗമായി വയോമിത്രം കേന്ദ്രങ്ങൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിന്റെ ഉദ്ഘാടനം മന്ത്രി വേദിയിൽ നിർവഹിച്ചു. നൈപുണ്യ നഗരം പഠിതാക്കൾക്കുള്ള സർട്ടിഫിക്കറ്റും മന്ത്രി നൽകി.

ജില്ലാ ആസൂത്രണ സമിതി തയ്യാറാക്കിയ പദ്ധതി പ്രകാരം എറണാകുളം ജില്ലാ പഞ്ചായത്ത് 2022 23 വർഷം ഐ.എച്ച്.ആർ.ഡിയുടെയും കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസിന്റെയും സഹകരണത്തോടെ നടപ്പിലാക്കിയ പദ്ധതിയാണ് നൈപുണ്യ നഗരം. വയോജനങ്ങൾക്ക് മൊബൈൽ, കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനും ഓൺലൈൻ അപേക്ഷകൾ നൽകുന്നതിനും ഇബാങ്കിംഗ് ഉൾപ്പെടെയുള്ള ഈ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും അറിവ് നൽകുന്ന പദ്ധതിയാണിത്.

ജില്ലാ പഞ്ചായത്ത് പ്രിയദർശിനി ഹാളിൽ സംഘടിപ്പിച്ച പരിപാടിയിൽ ഉമ തോമസ് എം.എൽ.എ അധ്യക്ഷത വഹിച്ചു. ഹൈബി ഈഡൻ എം.പി മുഖ്യാതിഥിയായി. ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, , ഐ.എച്ച്.ആർ.ഡി ഡയറക്ടർ ഡോ. വി.എ അരുൺകുമാർ, പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ എം.ജെ ജോമി, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ഷൈനി ജോർജ്, എ.എസ് അനിൽകുമാർ, മനോജ് മൂത്തേടൻ, കെ.വി രവീന്ദ്രൻ, അനിമോൾ ബേബി, ഷാന്റി എബ്രഹാം, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# വ്യാപാരികളുടെ ആശങ്ക പരിഹരിക്കാതെ
# കാർബൂട്ട് സെയിലിന് അനുമതി നൽകരുത്: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി

**കൊച്ചി:** വ്യാപാരികളുടെ ആശങ്ക പരിഹരിക്കാതെ കാർബൂട്ട് സെയിലിന് സർക്കാർ അനുമതി നൽകരുതെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം ജില്ലാ പ്രസിഡന്റ് പി.സി ജേക്കബ്, ജനറൽ സെക്രട്ടറി അഡ്വ.എ.ജെ റിയാസ്, ട്രഷർ സി.എസ് അജ്മൽ എന്നിവർ വാർത്താകുറിപ്പിൽ ആവശ്യപ്പെട്ടു.

തെരുവ് കച്ചവടത്തിന്റെ മറ്റൊരു രൂപമാണ് കാർബൂട്ട് സെയിൽ. ഇത് ഏറ്റവും അധികം ബാധിക്കുന്നത് വായ്പയെടുത്തും പലിശയ്ക്ക് പണം വാങ്ങിയും വ്യാപാര സ്ഥാപനങ്ങൾ നടത്തുന്ന ചെറുകിട, ഇടത്തരം വ്യാപാരികളെയും മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളെയുമാണ്. ലൈസൻസ് ഫീസ്, കെട്ടിട വാടക, ടാക്സ്, തൊഴിലാളികളുടെ ശമ്പളം, ക്ഷേമനിധി എന്നിവയൊക്കെ അടച്ച് സ്ഥാപനങ്ങൾ നടത്തുന്ന വ്യാപാരികളെ നോക്കുകുത്തികളാക്കി ഇതൊന്നുമില്ലാതെ തെരുവോരക്കച്ചവടം പൊടിപൊടിക്കുമ്പോളും ഇത് നിയന്ത്രിക്കാതെ സർക്കാർ മൗനം പാലിക്കുകയാണ്.

വൻ പ്രതിസന്ധിയാണ് സംസ്ഥാനത്ത് ചെറുകിട,ഇടത്തരം വ്യാപാരികൾ നേരിടുന്നത്.പലരും ആത്മഹത്യയുടെ വക്കിലാണ്. ഇതിനിടയിലാണ് തെരുവോരക്കച്ചവടത്തിന്റെ മറ്റൊരു രൂപമായ കാർബൂട്ട് സെയിലിന്റെ രംഗ പ്രവേശം. കുടുംബശ്രീ ഉൽപ്പന്നങ്ങൾ കാർബൂട്ട് സെയിൽ വഴി വിൽപ്പന നടത്തുന്നതിനെ തങ്ങൾ എതിർക്കുന്നില്ല. എന്നാൽ ഇതിന്റെ മറവിൽ മറ്റ് ഉൽപ്പന്നങ്ങളുടെ വിൽപ്പന ഇതിലൂടെ അംഗീകരിക്കാൻ കഴിയില്ലെന്നും ഇക്കാര്യത്തിൽ സർക്കാർ മൗനം വെടിയുന്നില്ലെങ്കിൽ പ്രക്ഷോഭവുമായി വ്യാപാരികൾക്ക് തെരുവിലിറങ്ങേണ്ടിവരുമെന്നും ഏകോപനസമിതി നേതാക്കൾ മുന്നറയിപ്പു നൽകി

# ആസ്റ്റർ മോം ക്ലിനിക്കിന് കോഴിക്കോട് ആസ്റ്റർ മിംസിൽ തുടക്കമായി

**കോഴിക്കോട്:** നവ ദമ്പതികൾക്കും, ഗർഭധാരണത്തിന് തയ്യാറെടുക്കുന്നവർക്കും മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനായി മോം ക്ലിനിക്കുമായി കോഴിക്കോട് ആസ്റ്റർ മിംസ് ആശുപത്രി. മിംസിൽ നടന്ന ചടങ്ങിൽ സീരിയൽ താരവും അവതാരകയുമായ അശ്വതി ശ്രീകാന്ത് ക്ലിനിക്കിന്റെ ഉദ്ഘാടനം നിർവഹിച്ചു.




ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ഒരുക്കേണ്ട സൗകര്യങ്ങൾ, അവലംബിക്കേണ്ട ഭക്ഷണ ക്രമം, മികച്ച ഗർഭധാരണത്തിനും, ആരോഗ്യമുള്ള കുഞ്ഞിനുമായി എന്തെല്ലാം ചെയ്യണം മുതലായ മാർഗനിർദ്ദേശങ്ങൾ ക്ലിനിക്കിൽ ലഭ്യമാകും. സ്ത്രീകളുടെ വന്ധ്യതക്ക് കാരണമാകുന്ന ഹോർമോൺ പ്രശ്നങ്ങൾ, തൈറോയ്ഡ്, പിറ്റ്യൂറ്ററി ഗ്രന്ഥികളുടെ പ്രവർത്തനങ്ങളിലെ കുഴപ്പം ഒഴിവാക്കുക, ഗർഭപാത്രത്തിലെ മുഴ, ഫെലോപ്യൻ നാളികളിലെ തടസം മുതലായവ നീക്കം ചെയ്യുന്നതിനുള്ള ചികിത്സ, പി.സി.ഒ.ഡിക്കുള്ള പരിഹാരം തുടങ്ങിയ സേവനങ്ങളും ആസ്റ്റർ മോം ക്ലിനിക്കിൽ ലഭിക്കും.ആസ്റ്റർ മിംസിലെ സീനിയർ കൺസൽട്ടന്റ് ഗൈനക്കോളജിസ്റ്റ് ഡോ. റഷീദ ബീഗം, ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി വിഭാഗം മേധാവി ഡോ. ടി. നാസർ, ഗൈനക്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റുമാരായ ഡോ കെ. ഗീത, ഡോ. ഇ.എം മുംതാസ്, ഡോ പി. സിന്ധു, ഡോ. ഉമാ രാധേഷ്, കൺസൾട്ടൻ ഡോ. ആമിന ബീവി, ഡോ. മിനി, പത്തോളജിസ്റ്റ് ഡോ. ലില്ലി, ഓപ്പറേഷൻസ് വിഭാഗം അസി. ജനറൽ മാനേജർ ഡോ. പ്രവിത എസ് അഞ്ചാൻ തുടങ്ങിയവർ പങ്കെടുത്തു. ആസ്റ്റർ മോം ക്ലിനിക്കിന്റെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 8157886111 എന്ന നമ്പറിൽ ബന്ധപ്പെടുക.

# ഹീറോ മോട്ടോകോർപ്പ് ഹാർലിഡേവിഡ്സൺ എക്സ് 440 വിതരണം ആരംഭിച്ചു

**കൊച്ചി:** മോട്ടോർസൈക്കിൾ, സ്കൂട്ടർ നിർമ്മാതാക്കളായ ഹീറോ മോട്ടോകോർപ്പ് ഹാർലിഡേവിഡ്സൺ എക്സ് 440 വിതരണം ആരംഭിച്ചു. ഒക്ടോബർ 15 മുതൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഹാർലിഡേവിഡ്സൺ ഡീലർഷിപ്പുകൾ വഴിയും തെരഞ്ഞെടുക്കപ്പെട്ട ഏതാനും ഹീറോ മോട്ടോകോർപ്പ് ഔട്ട് ലെറ്റുകളുമടക്കം 100 ഡീലർഷിപ്പുകളിലൂടെയാണ് ഹാർലിഡേവിഡ്സൺ എക്സ് 440 മോട്ടോർസൈക്കിളുകളുടെ മെഗാ വിതരണം ആരംഭിച്ചത്.

പുതിയ ഉപഭോക്താക്കൾക്ക് ഇപ്പോൾ ഹാർലിഡേവിഡ്സൺ എക്സ് 440ടെസ്റ്റ് റൈഡ് ചെയ്യുവാനും എല്ലാ ഹാർലിഡേവിഡ്സൺ ഡീലർഷിപ്പുകളിലൂടേയും തെരഞ്ഞെടുക്കപ്പെട്ട ഹീറോ മോട്ടോകോർപ്പ് ഔട്ട് ലെറ്റുകളിലൂടേയും ബുക്ക് ചെയ്യുവാനുംസാധിക്കും. .3 വേരിയന്റുകളിൽ ഈ മോട്ടോർ സൈക്കിൾ ലഭ്യമാണ്ഡെനിം, വിവിഡ്, എസ് എന്നിവ. വില യഥാക്രമം രൂപ 2,39,500/ (ഡെനിം) രൂപ 2,59,500/ (വിവിഡ്), രൂപ 2,79,500/ (എസ്).



# തൊഴിലുറപ്പ് പദ്ധതിയിൽ എൻജിനീയർ നിയമനം

**പാലക്കാട്:** ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ജില്ലാ ഓഫീസിൽ എം.ജി.എൻ.ആർ.ഇ.ജി.എ എൻജിനീയർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. ആറ് മാസത്തേക്കാണ് നിയമനം. അഗ്രികൾച്ചറൽ എൻജിനീയറിങ്ങിൽ ബി.ടെക് ബിരുദമാണ് യോഗ്യത.

അതില്ലാത്തവരുടെ അഭാവത്തിൽ സിവിൽ എൻജിനീയറിങ്, കൃഷി ശാസ്ത്രം, പരിസ്ഥിതി ശാസ്ത്രം എന്നിവയിൽ ബിരുദാനന്തര ബിരുദമുള്ളവർക്കും അപേക്ഷിക്കാം. സംയോജിത നീർത്തട പരിപാലന പദ്ധതിയിൽ കുറഞ്ഞത് അഞ്ച് വർഷത്തെ പ്രവർത്തിപരിചയമുള്ളവർക്ക് മുൻഗണന.

ബയോഡേറ്റ, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വയസ് എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതം ഒക്ടോബർ 25 ന് വൈകിട്ട് നാലിനകം ജോയിന്റ് പ്രോഗ്രാം കോഓർഡിനേറ്റർ മഹാത്മാഗാന്ധി എം.ജി.എൻ.ആർ.ഇ.ജി.എസ് സിവിൽ സ്റ്റേഷൻ പാലക്കാട് എന്ന വിലാസത്തിൽ അപേക്ഷ നൽകണം. ഫോൺ: 0491 2505859.

# വർക്കർ തസ്തികയിൽ അപേക്ഷ ക്ഷണിച്ചു

**ആലപ്പുഴ:** വനിതാ ശിശുവികസന വകുപ്പിന് കീഴിൽ ജില്ലയിൽ ഐ.സി.ഡി.എസ് പട്ടണക്കാട് പ്രോജെക്ട് പരിധിയിൽ വരുന്ന എഴുപുന്ന, തുറവൂർ എന്നീ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ വർക്കർ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിലേക്ക് പഞ്ചായത്തുകളിൽ സ്ഥിരതാമസമുള്ള വനിതകളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. പ്രായം 1846 വയസ്സ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് പ്രായത്തിൽ നിയമാനുസൃത ഇളവുണ്ടാകുന്നതാണ്.

അങ്കണവാടി വർക്കർ തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ എസ്.എസ്.എൽ.സി പാസായിരിക്കണം. പൂരിപ്പിച്ച അപേക്ഷകൾ പട്ടണക്കാട് ഐസിഡിഎസ് പ്രോജെക്ട് ഓഫീസിൽ നവംബർ എട്ടു വൈകുന്നേരം നാലു വരെ സ്വീകരിക്കും. നേരത്തെ അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ പുതിയ അപേക്ഷ സമർപ്പിക്കേണ്ടതില്ല. വിശദ വിവരങ്ങൾക്ക് പ്രോജെക്ട് ഓഫീസുമായി ബന്ധപ്പെടണം.

# ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ താൽക്കാലിക ഒഴിവ്; 28 വരെ അപേക്ഷിക്കാം

**കൊച്ചി:** സംസ്ഥാന, അർദ്ധസർക്കാർ സ്ഥാപനത്തിൽ ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ താൽക്കാലിക ഒഴിവിലേക്ക് ഈഴവ, ബില്ല, തിയ്യ വിഭാഗത്തിന് അപേക്ഷിക്കാം.

താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യത പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം ഒക്ടോബർ 28ന് മുമ്പായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നേരിട്ട് ഹാജരാകണം. ഏഴാം ക്ലാസ് പാസായ എൽ എം വി ഡ്രൈവിംഗ് ലൈസൻസും അഞ്ചുവർഷത്തെ പ്രവൃത്തി പരിചയവുമുള്ളവർക്ക് അപേക്ഷിക്കാം. പ്രായപരിധി 18 നും 41 മദ്ധ്യേ.

ഈഴവ വിഭാഗത്തിന്റെ അഭാവത്തിൽ മറ്റു സമുദായക്കാരെയും, ഓപ്പൺ വിഭാഗത്തിലുള്ളവരെയും പരിഗണിക്കും കൂടുതൽ വിവരങ്ങൾക്ക് : 0484 2422458.

# വരൾച്ച പ്രതിരോധം ശാസ്ത്രീയ മുന്നൊരുക്കങ്ങൾ നടത്തും

**വയനാട്:** ജില്ലയിൽ വരൾച്ചയെ നേരിടാൻ സമഗ്രവും ശാസ്ത്രീയവുമായ മുന്നൊരുക്കങ്ങൾ നടത്തും. സംസ്ഥാന സർക്കാർ വകുപ്പുകളും മിഷനുകളും ഏജൻസികളും സംയുക്തമായി അതത് പ്രദേശങ്ങളിലെ സവിശേഷതകൾക്ക് അനുസരിച്ചുള്ള വരൾച്ചാ പ്രതിരോധ പ്രായോഗിക പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജനപങ്കാളിത്തത്തോടുകൂടിയാണ് പദ്ധതി നടപ്പാക്കുക. . കൃഷി, മണ്ണ് ജലസംരക്ഷണം, ജലസേചനം, ഭൂജലം, എം ജി എൻ ആർ ജി എസ്, ഹരിതകേരളം മിഷൻ, ജല അതോറിറ്റി തുടങ്ങി വിവിധ വകുപ്പുകളും ഏജൻസികളും ഏകോപിപ്പിച്ചുള്ള ജല സംരക്ഷണ വരൾച്ച പ്രതിരോധ പ്രവർത്തനങ്ങളാണ് നടപ്പാക്കുക.

നീരുറവ് കബനിക്കായ് വയനാട് എന്നീ ക്യാമ്പയിനുകളാണ് പ്രധാനമായും വരൾച്ചയ്ക്കെതിരെ നടപ്പാക്കുന്ന പദ്ധതികൾ. വരൾച്ചാ പ്രതിരോധ ജല സംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാനുള്ള ഏകോപന സംവിധാനമായി ഹരിത കേരളം മിഷൻ പ്രവർത്തിക്കും.

# കർഷകർ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾക്ക് ഊന്നൽ നൽകണം: മന്ത്രി പി.പ്രസാദ്

## കൂവപ്പടി കാർഷിക വിപണന കേന്ദ്രം ഉദ്ഘാടനം ചെയ്തു

**കൊച്ചി:** കർഷകർ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിൽ കൂടുതൽ ശ്രദ്ധ നൽകണമെന്ന് കൃഷിവകുപ്പ് മന്ത്രി പി.പ്രസാദ് പറഞ്ഞു. കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 202223 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ച കാർഷിക വിപണന കേന്ദ്രം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കാർഷിക വിളകളെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കിയാൽ വലിയ സാധ്യതകളാണ് മുന്നിലുള്ളത്. അതാത് പ്രദേശങ്ങളിൽ കൃഷി കൂട്ടങ്ങൾ ഇതിന് മുൻകൈയെടുക്കണം. ഇത്തരം സംരംഭങ്ങളെ പരമാവധി പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയുമാണ് സർക്കാരിന്റെയും കൃഷിവകുപ്പിന്റെയും നയം.

വിപണിയിലെ ആവശ്യകത അറിഞ്ഞ് കൃഷി ചെയ്യുക എന്നതും നിലവിലെ സാഹചര്യത്തിൽ പ്രധാനമാണ്. ഓരോ പ്രദേശത്തെയും മണ്ണിന്റെ ഘടന വ്യത്യാസപ്പെട്ടിരിക്കുന്നു. ആ ഘടനയെ ശാസ്ത്രീയമായി പഠിച്ച് കൃഷി ചെയ്യുകയാണെങ്കിൽ മെച്ചപ്പെട്ട വിളവ് ലഭിക്കും.

കർഷകർ ഉൽപ്പാദിപ്പിക്കുന്ന വിളകൾക്ക് ന്യായമായ വില ലഭിക്കുക എന്നതും ആവശ്യമാണ്. അവിടെയാണ് കാർഷിക വിപണന കേന്ദ്രങ്ങളുടെ പ്രാധാന്യം. കൂവപ്പടിയിലെ വിപണന കേന്ദ്രം മാതൃകാപരമായാണ് പ്രവർത്തിക്കുന്നതെന്നും ഭാവിയിൽ കൂടുതൽ മികച്ച പ്രവർത്തനങ്ങൾ നടത്താൻ കഴിയട്ടെ എന്നും മന്ത്രി പറഞ്ഞു.

ബ്ലോക്ക് പഞ്ചായത്ത് അങ്കണത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ എൽദോസ് കുന്നപ്പിള്ളിൽ എം.എൽ.എ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബേസിൽ പോൾ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ എൻ.പി അജയകുമാർ, പി.പി അവറാച്ചൻ, സിന്ധു അരവിന്ദ്, കെ.എം ഷിയാസ്, ഷിജി ഷാജി, ശില്പ സുധീഷ്, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ മനോജ് മൂത്തേടൻ, ശാരദ മോഹൻ, ഷൈമി വർഗീസ്, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് ചെയർമാൻ ബാബു ജോസഫ്, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികൾ തുടങ്ങിവർ പങ്കെടുത്തു.



ഡോ.എ പി ജെ അബ്ദുൽകലാം ബാലപ്രതിഭാ പുരസ്കാരം മന്ത്രി അഡ്വ.ജി.ആർ.അനിൽ ചൈൽഡ് പ്രൊട്ടക്റ്റ് ടീം ഭാരവാഹികൾക്ക് കൈമാറുന്നു

# ഡോ.എ പി ജെ അബ്ദുൽകലാം ബാലപ്രതിഭാ പുരസ്കാരം ചൈൽഡ് പ്രൊട്ടക്റ്റ് ടീ കേരള ഏറ്റുവാങ്ങി

തിരുവനന്തപുരം / കാഞ്ഞങ്ങാട് : മുൻ രാഷ്ട്രപതി ഡോ.എ പി ജെ അബ്ദുൽ കലാമിന്റെ 92ാം ജന്മദിനത്തോടനുബന്ധിച്ച് സംസ്ഥാനത്ത് വിവിധ മേഖലകളിൽ മികവ് തെളിയിച്ച പതിനാല് വിദ്യാർത്ഥികൾക്കും മികച്ച ബാലസംഘടനയ്ക്കും ഏർപ്പെടുത്തിയ ബാലപ്രതിഭാ പുരസ്കാരങ്ങൾ സമ്മാനിച്ചു.

മികച്ച ബാലസംഘടന പുരസ്കാരം മന്ത്രി അഡ്വ.ജി.ആർ.അനിൽ സമർപ്പണം നടത്തി. ചൈൽഡ് പ്രൊട്ടക്റ്റ് ടീം കേരള സംസ്ഥാന പ്രസിഡണ്ട് സികെ നാസർ കാഞ്ഞങ്ങാട്, ട്രഷറർ ആർ ശാന്തകുമാർ, എക്സിക്യൂട്ടീവ് മെന്പർമാരായ ഷൈനി കൊച്ചുദേവസി, റഫീക്ക് കടാത്തുമുറി, വിഷാൽ ആലപ്പുഴ, റജീന മഹീൻ തിരുവനന്തപുരം, മെമ്പർമാരായ അനിതസുനിൽ കൊല്ലം, കാദർ ചെമ്പ്രകാനം, ആൻസി ഷഫീക്ക്, അനൂജ ,ശ്യംകുമാർ ഷാജി മഹീൻ, ആസിഫ്, ദുനുംസ് തിരുവനന്തപുരം, തുടങ്ങിയവർ ചേർന്ന് പുരസ്കാരം ഏറ്റു വാങ്ങി.

അറിവിന്റെ അഗ്നി ചിറകിലേറി നക്ഷത്രങ്ങൾക്കൊപ്പം നടക്കാൻ പഠിപ്പിച്ച മഹാനായ മനുഷ്യസ്നേഹിയായിരുന്നു കലാംമെന്ന് മന്ത്രി അഡ്വ.ജി.ആർ.അനിൽ അഭിപ്രായപ്പെട്ടു. അഡ്വ.ഐ ബി സതീഷ് എം.എൽ എ അദ്ധ്യക്ഷതവഹിച്ചു.സ്റ്റഡിസെന്റർ ഡയറക്ടർ പൂവച്ചൽസുധീർ സ്വാഗതം പറഞ്ഞു. ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ അഡ്വ.എ.എ.റഷീദ്, ഭാരത് ഭവൻ സെക്രട്ടറി പ്രമോദ് പയ്യന്നൂർ, ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ വിളപ്പിൽരാധാകൃഷ്ണൻ. കേരളസംസ്ഥാന ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറി അരുൺഗോപി, നിംസ് മെഡിസിറ്റി ജനറൽ മാനേജർ ഡോ.സാജു, ചൈൽഡ് വെൽഫയർ കമ്മിറ്റി ചെയർപേഴ്സൺ അഡ്വ.ഷാനിഫാബീഗം, ഡെയിൽവ്യൂ ഡയറക്ടർ വിപിൻദാസ്, എൽ ബി ആർ എൻ ഫൗണ്ടേഷൻ ചെയർമാൻ മുഹമ്മദ് ആസിഫ്, സ്നേഹപച്ച ഫൗണ്ടേഷൻ ചെയർപേഴ്സൺ രേഖ സ്നേഹപച്ച, പൂവച്ചൽനാസർ, എം.എൻ ഗിരി, സുരേഷ് നന്മ,സ്റ്റഡിസെന്റർ പി ആർ ഒ അനുജ, എസ്.ഭാരവാഹികളായ ഷമീജ് കാളികാവ്,നിത്യ റ്റി.എസ്.ആൻസി ഷഫീക്ക് , ഉഷ, അൻസാർ കായംകുളം, കുമാരി അനുഷ്ക തുടങ്ങിയവർ സംസാരിച്ചു.

# ആർമി ചീഫ് കോൺഫറൻസിൽ സ്പെഷ്യൽ പർപ്പസ് ഹൈലക്സ് അവതരിപ്പിച്ച് ടൊയോട്ട

**കൊച്ചി:** ന്യൂഡൽഹിയിൽ നടന്ന ഇൻഡോപസഫിക് ആർമി ചീഫ് കോൺഫറൻസിൽ (ഐപിഎസിസി) ഹൈലക്സിന്റെ പരിഷ്കരിച്ച പതിപ്പ് അവതരിപ്പിച്ച് ടൊയോട്ട കിർലോസ്കർ മോട്ടോഴ്സ് (ടികെഎം).

നേരത്തെ ഇന്ത്യൻ ആർമിയുടെ ആർമി ഡിസൈൻ ബ്യൂറോയുടെ നേതൃത്വത്തിൽ സൊസൈറ്റി ഓഫ് ഇന്ത്യൻ ഡിഫൻസ് മാനുഫാക്ചറേഴ്സിന്റെ (എസ്ഐഡിഎം) സഹകരണത്തോടെ സംഘടിപ്പിക്കുന്ന പ്രതിരോധ ഉപകരണങ്ങളുടെ സാങ്കേതിക പ്രദർശനമായ ഇൻഡോപസഫിക് ആർമി ചീഫ് കോൺഫറൻസിലും (ഐപിഎസിസി), ഇൻഡോപസഫിക് ആർമീസ് മാനേജ്മെന്റ് സെമിനാറിലും (ഐപിഎഎംഎസ്) സീനിയർ എൻലിസ്റ്റഡ് ലീഡർഷിപ്പ് ഫോറത്തിലും (എസ്ഇഎൽഎഫ്) നടത്തിയിരുന്നു. കൂടാതെ ഒരു ജനറൽ പർപ്പസ് ഹൈലക്സും ഈ കോൺഫറൻസിലും ഹൈലക്സ് പ്രദർശിപ്പിച്ചിരുന്നു.

# ടെക്നോപാർക്കിൽ നാസ്കോം ഫയ: 80 സെമിനാർ ഇന്ന്

**തിരുവനന്തപുരം:** ടെക്നോപാർക്കിലെ നോളഡ്ജ് കമ്മ്യൂണിറ്റിയായ ഫയ: 80 ആതിഥേയത്വം വഹിക്കുന്ന നാസ്കോം ഫയ: 80 സെമിനാറിൽ ഇത്തവണ സെക്യൂറിങ് ദി ഡിജിറ്റൽ ഫ്രോണ്ടിയർ: അപ്ലിക്കേഷൻ സെക്യൂരിറ്റി ട്രെൻഡ്സ് 2023 എന്ന വിഷയത്തിൽ ചർച്ച നടക്കും.ഒക്ടോബർ 18ന് വൈകുന്നേരം 5 മണി മുതൽ ടെക്നോപാർക്കിലെ തേജസ്വിനി ബിൽഡിംഗിലെ ഫയ ഫ്ളോർ ഓഫ് മാഡ്നസിൽ നടക്കുന്ന സെമിനാറിന് ഇവൈ ജിഡിഎസിലെ ആപ്ലിക്കേഷൻ സെക്യൂരിറ്റി സ്പെഷ്യലിസ്റ്റ് ജുഗൽ ജെ നേതൃത്വം നൽകും. നിലവിൽ പിന്തുടരുന്ന ആപ്ലിക്കേഷൻ സുരക്ഷാ രീതികളും സാധാരണയായി കണ്ടുവരുന്ന സുരക്ഷാ തകരാറുകളെ കുറിച്ചും സെഷൻ ചർച്ച ചെയ്യും.

# സംയുക്ത സ്ഥല പരിശോധന നടത്തി

**കൊച്ചി:** ചേരാനല്ലൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ ദേശീയ പാത 66 ന്റെ നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ഹൈബി ഈഡൻ എം.പി, ടി.ജെ വിനോദ് എംഎൽഎ, ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് എന്നിവരുടെ നേതൃത്വത്തിൽ സംയുക്ത സ്ഥലപരിശോധന നടത്തി. നിർമ്മാണം സംബന്ധിച്ച് വിശദ പരിശോധന നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ജില്ലാ കളക്ടർ പറഞ്ഞു.

ചേരാനല്ലൂർ കണ്ടെയ്നർ റോഡ് സിഗ്നൽ ജംഗ്ഷനിൽ നിന്നും ആരംഭിച്ച പരിശോധനയിൽ ദുരന്തനിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ ഉഷ ബിന്ദു മോൾ, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പ്രൊജക്റ്റ് ഡയറക്ടർ അൻശുൽ ശർമ്മ, ചേരാനല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാജേഷ്, ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ, സമരസമിതി പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# ഭിന്നശേഷിക്കാർക്ക് കളമശ്ശേരിയിൽതൊഴിൽ പരിശീലനം ആരംഭിച്ചു

**കൊച്ചി:** സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷനും തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വ്യാവസായിക പരിശീലന വകുപ്പിലെ കളമശ്ശേരി ലിറ്റിൽ ഫ്ളവർ എൻജിനീയറിങ് ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി ഭിന്നശേഷിക്കാർക്ക് ഏകദിന സൗജന്യ തൊഴിൽ പരിശീലനം ആരംഭിച്ചു.

അപേക്ഷ സ്വീകരിച്ച് തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും ആദ്യത്തെ 30 പേർക്ക് ഒക്ടോബർ 14ന് ട്രെയിനിങ് നൽകി. തുടർന്ന് ട്രെയിനിങ്ങിൽ പങ്കെടുക്കേണ്ട ഭിന്നശേഷിക്കാരുടെയും സ്ഥാപനത്തിന്റെയും സൗകര്യമനുസരിച്ച് അപേക്ഷ സമർപ്പിച്ച മറ്റുള്ളവർക്ക് കൂടി പരിശീലന പരിപാടി സംഘടിപ്പിക്കുമെന്ന് ഡയറക്ടറും പ്രിൻസിപ്പലുമായ റവ. ഫാ. ഡോമിനിക്ക് ഫിഗരേദോ വ്യക്തമാക്കി.

ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായകരമായ പരിശീലനത്തിലൂടെ നൈപുണ്യം നേടുന്നവർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനു നാമമാത്ര പലിശ നിരക്കിൽ വായ്പ ക്ഷേമ കോർപ്പറേഷൻ നൽകും. ഈ അവസരം സാധ്യമാകുന്ന എല്ലാവരും പ്രയോജനപ്പെടുത്തണമെന്ന് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ചെയർപേഴ്സൺ അഡ്വ. എം.വി ജയഡാളി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

# ഗ്രീൻസെൽ മൊബിലിറ്റിയുടെ ഇലക്ട്രിക്ക് ബസ് ന്യൂഗോ




**ന്യൂദൽഹി:** ഗ്രീൻസെൽ മൊബിലിറ്റിയുടെ ഇലക്ട്രിക്ക് ബസ് ബ്രാൻഡ് ന്യൂഗോ പുതിയ ഇന്റർസിറ്റി റൂട്ടുകൾ കൂട്ടിച്ചേർത്തുകൊണ്ട് തങ്ങളുടെ വളർച്ചാ വേഗത ത്വരിതപ്പെടുത്തുന്നു. ഭോപ്പാൽ സാഗർ, ഹൈദരാബാദ് ഏലൂർ, ഗുഡ്ഗാവ്ആഗ്ര, ഡൽഹിലുധിയാന, ഡൽഹിഷിംല, ചെന്നൈബെംഗളൂരു എന്നിവയാണ് പുതിയതായി ആരംഭിച്ച റൂട്ടുകൾ. പുതിയ റൂട്ടുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത് പ്രധാന നഗരങ്ങൾ തമ്മിലുള്ള കണക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നതിനാണ്, യാത്രക്കാർക്ക് ഹരിതവും ആഡംബര പൂർണവുമായ ഒരു ബദൽ വാഗ്ദാനം ചെയ്യുന്നു.

ഡൽഹി,ചണ്ഡീഗഢ്, ഡൽഹി ആഗ്ര, ഡൽഹി ഡെറാഡൂൺ, ഡൽഹി ജയ്പൂർ, ആഗ്ര ജയ്പൂർ, ബെംഗളൂരുതിരുപ്പതി, ചെന്നൈ തിരുപ്പതി, ചെന്നൈ,ബെംഗളൂരു, ചെന്നൈ പുതുച്ചേരി എന്നീ റൂട്ടുകളിലും ന്യൂഗോ അതിന്റെ പ്രീമിയം സേവനങ്ങൾ നൽകുന്നുണ്ട്.

ദക്ഷിണേന്ത്യയിലെ വിപുലീകരണത്തെക്കുറിച്ച് സംസാരിച്ച ഗ്രീൻസെൽ മൊബിലിറ്റി സിഇഒയും എംഡിയുമായ ദേവേന്ദ്ര ചൗള പറഞ്ഞു, ഈ നാഴികക്കല്ല്, സുസ്ഥിരമായ യാത്രയെ പുനർനിർവചിക്കുന്നതിനുള്ള ഞങ്ങളുടെ അചഞ്ചലമായ പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നു. യാത്രക്കാർക്ക് ഒരു ഗതാഗത മാർഗ്ഗം മാത്രമല്ല, പാരിസ്ഥിതിക ഉത്തരവാദിത്തവും സൗകര്യവും കണക്റ്റിവിറ്റിയുമായി സമന്വയിപ്പിക്കപ്പെട്ട പരിധികളില്ലാതെ അനുഭവം നൽകുന്നു.

സുരക്ഷിതവും സുസ്ഥിരവുമായ യാത്രയ്ക്കുള്ള പ്രധാന ചോയ്സ് എന്ന നിലയിൽ ന്യൂഗോ, സുരക്ഷാ ഫീച്ചറുകളുടെ ഒരു നിര തന്നെ ഓഫർ ചെയ്യുന്നു.

സിസിടിവി നിരീക്ഷണം, ഡ്രൈവർ ബ്രീത്ത് അനലൈസറുകൾ, ഡ്രൈവർ മോണിറ്ററിംഗ് സിസ്റ്റങ്ങൾ, വേഗപരിധി പരിശോധനകൾ തുടങ്ങിയ ശക്തമായ നടപടികൾ ഇതിൽ ഉൾപ്പെടുന്നു. അതീവ സുരക്ഷ ഉറപ്പാക്കാൻ, ന്യൂഗോയുടെ കോച്ചുകൾ മെക്കാനിക്കൽ, ഇലക്ട്രിക്കൽ പരിശോധനകൾ ഉൾക്കൊള്ളുന്ന 25 സൂക്ഷ്മമായ സുരക്ഷാ പരിശോധനകൾക്ക് വിധേയമാകുന്നു.

ന്യൂഗോയുടെ ഔദ്യോഗിക വെബ്സൈറ്റായ വttps://nuego.in/ വഴിയും ന്യൂഗോ ആപ്പ്, റെഡ്ബസ്, പേടിഎം, അബിബസ് തുടങ്ങിയ മറ്റ് ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെയും ടിക്കറ്റുകൾ ബുക്ക് ചെയ്യാം.

# ഒല ഭാരത് ഇവി ഫെസ്റ്റിന് തുടക്കം




**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ ഇലക്ട്രിക് വാഹന കമ്പനിയായ ഒലയുടെ ആഭിമുഖ്യത്തിൽ ഭാരത് ഇവി ഫെസ്റ്റ് ആരംഭിച്ചു. കിഴിവുകൾ, ബാറ്ററി അഷ്വറൻസ് സ്കീമുകൾ, 2വാട്ട് ഇവി എക്സ്ചേഞ്ച് പ്രോഗ്രാം എന്നിവയുൾപ്പെടെ ഓഫറുകളുടെ നിരയാണ് മേളയിലുള്ളത്. 7,000 രൂപ വരെ മൂല്യമുള്ള 5 വർഷത്തെ ബാറ്ററി വാറന്റി, 10,000 രൂപ വരെ എക്സ്ചേഞ്ച് ബോണസ്, പങ്കാളിത്ത ബാങ്കുകളിൽ നിന്ന് 7,500 രൂപ വരെ കിഴിവ് ലഭിക്കുന്ന നോ കോസ്റ്റ് ഇഎംഐ എന്നിവ ഉൾപ്പെടെ ഒല ഇലക്ട്രിക് സ്കൂട്ടർ വാങ്ങുമ്പോൾ ഉപഭോക്താക്കൾക്ക് 24,500 രൂപ വരെ ആനുകൂല്യങ്ങൾ ആസ്വദിക്കാം. ഉത്സവ കാലയളവിൽ ഒല സ്കൂട്ടർ ടെസ്റ്റ് ഓടിക്കുന്ന ഉപഭോക്താക്കൾക്ക് മറ്റ് ആവേശകരമായ സമ്മാനങ്ങൾക്കിടയിൽ എല്ലാ ദിവസവും ഒരു എസ്1 എക്സ്+ നേടാൻ അവസരം ലഭിക്കും.

മുൻനിര ഉൽപ്പന്നമായ ഒല എസ്1 പ്രോയ്ക്ക് 5 വർഷത്തെ സൗജന്യ എക്സ്റ്റൻഡഡ് ബാറ്ററി വാറന്റിയും എസ്1 എയറിൽ 5 വർഷത്തെ വിപുലീകരിച്ച ബാറ്ററി വാറന്റിയിൽ 50% കിഴിവും കമ്പനി വാഗ്ദാനം ചെയ്യുന്നു.

ഒലയുടെ 1000 എക്സ്പീരിയൻസ് സെന്ററുകളിലുടനീളം ഏറ്റവും വലിയ ഐസ് റ്റു ഇവി എക്സ്ചേഞ്ച് പ്രോഗ്രാം സംഘടിപ്പിക്കുന്നുണ്ട്. ഉപഭോക്താക്കൾക്ക് ഇപ്പോൾ അവരുടെ പഴയ ഐസ് 2ഡബ്ല്യൂ എക്സ്ചേഞ്ച് ചെയ്യാനും ഓല സ്കൂട്ടർ വാങ്ങുമ്പോൾ 10,000 രൂപ വരെ എക്സ്ചേഞ്ച് ബോണസ് നേടാനും കഴിയും.

ഏതെങ്കിലും എക്സ്പീരിയൻസ് സെന്ററിൽ ഒരു ഒല സ്കൂട്ടർ ടെസ്റ്റ് റൈഡ് ചെയ്യാനും എല്ലാ ദിവസവും ഒരു എസ്1 എക്സ്പ്ലസ് നേടാനും കഴിയും. സൗജന്യ ചരക്കുകൾ, ഒല കെയർ + കിഴിവ് കൂപ്പണുകൾ, എല്ലാ പുതിയ എസ്1 പ്രൊയിലും തൽക്ഷണ കിഴിവുകൾ എന്നിവ ഉൾപ്പെടെ മറ്റ് ആവേശകരമായ സമ്മാനങ്ങളുമുണ്ട്.

തെരഞ്ഞെടുത്ത ക്രെഡിറ്റ് കാർഡ് ഇഎംഐകളിൽ വാങ്ങുന്നവർക്ക് 7,500 രൂപ വരെ കിഴിവ് ലഭിക്കും. ഉപഭോക്താക്കൾക്ക് ഇപ്പോൾ സീറോ ഡൗൺ പേയ്മെന്റിലും സീറോപ്രോസസിംഗ് ഫീയിലും 5.99% വരെ പലിശ നിരക്കിൽ ഒല സ്കൂട്ടർ വീട്ടിലെത്തിക്കാം. ഒക്ടോബർ 24 വരെ ഒല സ്കൂട്ടർ സുഹൃത്തുക്കൾക്കും കുടുംബത്തിനും റഫർ ചെയ്യുന്ന കമ്മ്യൂണിറ്റി അംഗങ്ങൾക്ക് പാരിതോഷികം നൽകും. റഫർ ചെയ്യുന്നയാൾക്ക് സൗജന്യ ഒല കെയർ+, ഒരു റഫറലിന് 2000 രൂപ വരെ ക്യാഷ്ബാക്ക് എന്നിങ്ങനെയുള്ള ആനുകൂല്യങ്ങൾ ലഭിക്കും. ഭാരത് ഇവി ഫെസ്റ്റ് ആരംഭിക്കുന്നതിൽ വലിയ സന്തോഷമുണ്ടെന്ന് ഒല ഇലക്ട്രിക് ചീഫ് മാർക്കറ്റിംഗ് ഓഫിസർ അൻഷുൽ ഖണ്ഡേൽവാൾ പറഞ്ഞു.

# സെന്റ് പോൾസ് കോളേജിൽ പുതിയ അക്കാദമിക് കെട്ടിടം ഉദ്ഘാടനം ചെയ്തു

**കൊച്ചി:** വിദ്യാർത്ഥികളിൽ നൈപുണ്യ വികസനത്തിന് പ്രാധാന്യം നൽകുന്ന പഠന സമ്പ്രദായത്തിന് ഊന്നൽ നൽകുമെന്ന് മന്ത്രി ബിന്ദു പറഞ്ഞു. കളമശ്ശേരി സെന്റ് പോൾസ് കോളേജിൽ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികവാർന്ന സാഹചര്യം പ്രദാനം ചെയ്യുകയാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം. പഠന കാലയളവിൽ വിദ്യാർത്ഥികൾക്ക് താല്പര്യമുള്ള മേഖലയിൽ തൊഴിൽ നേടാൻ പ്രാപ്തരാക്കും വിധത്തിൽ പഠന രീതിയെ മാറ്റും. വിദ്യാർത്ഥി കേന്ദ്രീകൃതമായ കാഴ്ചപ്പാടോടെ നൂതനമായ ആശയങ്ങൾക്ക് രൂപം നൽകും വിധമാകും പഠനമെന്നും മന്ത്രി പറഞ്ഞു.

ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഭൗതിക സാഹചര്യങ്ങളിൽ ഗുണപരമായ മാറ്റം ഉണ്ടാക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഉന്നത വിദ്യാഭ്യാസ മേഖല സമൂലവും സമഗ്രവുമായ മാറ്റത്തിന്റെ പാതയിലാണെന്നും മന്ത്രി പറഞ്ഞു.

അഭ്യസ്തവിദ്യരായ വിദ്യാർത്ഥികൾക്കിടയിൽ തൊഴിലില്ലായ്മ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് പറഞ്ഞു. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസരംഗത്ത് സമൂലമായ മാറ്റം ഉണ്ടാക്കാൻ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കിന് സാധിക്കുമെന്നും മന്ത്രി രാജീവ് പറഞ്ഞു.

ഉന്നത വിദ്യാഭ്യാസ മേഖലയുടെ പശ്ചാത്തല സൗകര്യ വികസനം ലക്ഷ്യമിട്ടാണ് റൂസ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്താഭിമുഖ്യത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. 60:40 എന്നതാണ് കേന്ദ്രസംസ്ഥാന സർക്കാരുകളുടെ പദ്ധതി വിഹിതം.

പദ്ധതിയുടെ ഭാഗമായി രണ്ട് കോടി രൂപയാണ് സെന്റ് പോൾസ് കോളേജിന് അനുവദിച്ചത്. ഒരു കോടി രൂപ മൂന്ന് ക്ലാസ് മുറികളും സ്റ്റാഫ് മുറിയും ശുചിമുറിയും ഉൾപ്പെടെയുള്ള പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും 50 ലക്ഷം രൂപ ഓഡിറ്റോറിയം, മീഡിയ റൂം, കെമിസ്ട്രി ലാബ് എന്നിവ നവീകരിക്കുന്നതിനും ഉപയോഗിച്ചു. ശേഷിക്കുന്ന 50 ലക്ഷം രൂപ ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിന് ഉപയോഗിക്കും.

സെന്റ് പോൾസ് കോളേജിൽ സംഘടിപ്പിച്ച ചടങ്ങിൽ ഹൈബി ഈഡൻ എം.പി മുഖ്യാതിഥിയായി. കളമശ്ശേരി നഗരസഭ കൗൺസിലർ എ.കെ.നിഷാദ്, കോളേജ് മാനേജർ ഫാ. വർഗീസ് വലിയ പറമ്പിൽ, പ്രിൻസിപ്പൽ ഇൻ ചാർജ് ഡോ. കെ.എസ്. സവിത, ഡയറക്ടർ ഫാ. ഫെലിക്സ് ചുള്ളിക്കൽ തുടങ്ങിയവർ പങ്കെടുത്തു.

# റിസോഴ്സ് ഗ്രൂപ്പ് രൂപീകരണം; അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് റിസോഴ്സ് ഗ്രൂപ്പ് രൂപീകരണത്തിന് അപേക്ഷ ക്ഷണിച്ചു. പദ്ധതിയിലേക്ക് ജില്ലയിൽ നിന്ന് അഞ്ചുപേരെ തിരഞ്ഞെടുക്കും.

ഭിന്നശേഷിക്കാരുടെ സമഗ്രമായ വികസനത്തിന് വേണ്ടി 2016 നിലവിൽ വന്ന ഭിന്നശേഷി അവകാശ നിയമത്തിലെ അവകാശങ്ങളെ കുറിച്ച് പൊതുജനങ്ങളിലും ചുമതലകളെ കുറിച്ച് അധികാരികളിലും അവബോധം സൃഷ്ടിക്കുക, ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള വിവിധ പ്രവർത്തനങ്ങൾക്ക് പ്രചാരം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നീ ലക്ഷ്യത്തോടെയാണ് റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കുന്നത്. ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യാൻ താല്പര്യം ഉള്ള വ്യക്തികൾ പേര്, മേൽവിലാസം, ഫോൺ നമ്പർ, ഈമെയിൽ വിലാസം, ബയോഡാറ്റ എന്നിവ ജില്ലാ സാമൂഹ്യനീതി ഓഫീസ്, സിവിൽ സ്റ്റേഷൻ, ബി ബ്ലോക്ക്, എറണാകുളം 30 എന്ന വിലാസത്തിലോ dsjoekm@gmail.com എന്ന ഇമെയിൽ വിലാസത്തിലോ അയക്കണം. അവസാന തീയതി ഒക്ടോബർ 20. കൂടുതൽ വിവരങ്ങൾക്ക് 0484 2425377.

# പരസ്യലേലം

**ആലുവ:** താലൂക്കിലെ മലയാറ്റൂർ വില്ലേജ് ബ്ലോക്ക് 23 റീസർവെ 92/1ൽ പെട്ട സർക്കാർ പുറമ്പോക്ക് ഭൂമിയിലെ അപകടാവസ്ഥയിലായ ഈട്ടി മരം മുറിച്ചുനീക്കി കഷ്ണങ്ങളാക്കി സ്ഥലത്ത് സൂക്ഷിച്ചിട്ടുള്ളത് പരസ്യലേലം നടത്തുന്നു.

നവംബർ 14 രാവിലെ 11.30ന് മരം സൂക്ഷിച്ചിരിക്കുന്ന സ്ഥലത്ത് ലേലം നടക്കും. ഏതെങ്കിലും കാരണവശാൽ അന്നേ ദിവസം ലേലം നടക്കാതിരുന്നാൽ നവംബർ 21 അല്ലെങ്കിൽ 28 ന് ലേലം നടത്തുന്നതായിരിക്കും. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ആലുവ താലൂക്ക് ഓഫീസിലോ മലയാറ്റൂർ വില്ലേജ് ഓഫീസിലോ ബന്ധപ്പെടുക.

# ഓൺലൈൻ ഷോപ്പിംഗിന് പുതിയ സേവനവുമായി വിഗാർഡ്

**കൊച്ചി:** പ്രമുഖ എഫ്എംസിജി ബ്രാൻഡായ വിഗാർഡ് ഔദ്യോഗിക വെബ്സൈറ്റിലൂടെ ഉൽപ്പന്നങ്ങൾ നേരിട്ട് തെരഞ്ഞെടുത്ത് വാങ്ങുന്നതിനായുള്ള ഓൺലൈൻ സേവനം അവതരിപ്പിച്ചു. സ്റ്റെബിലൈസർ, വാട്ടർ ഹീറ്റർ, പ്യൂരിഫയർ, ഫാനുകൾ തുടങ്ങിയ ഗൃഹോപകരണങ്ങൾ നേരിട്ട് തിരഞ്ഞെടുക്കാമെന്നതാണ് ഇതിന്റെ പ്രത്യേകത. എളുപ്പത്തിൽ സാധനങ്ങൾ കണ്ടെത്താനും അവയുടെ വില മനസിലാക്കാനുമുള്ള സൗകര്യം, വിശാലമായ ഉൽപ്പന്നങ്ങളുടെ ശേഖരം, റേറ്റിംഗ് റിവ്യു എന്നിവയിലൂടെയുള്ള ആളുകളുടെ അഭിപ്രായമറിയൽ, 24*7 ഷോപ്പിംഗ്, ഇന്ത്യയിലുടനീളം ഡോർ ഡെലിവറി, എളുപ്പത്തിലുള്ള റിട്ടേൺ റീപ്ലേസ്മെന്റ് സംവിധാനം, ഓൺലൈൻ പണമിടപാടുകൾ തുടങ്ങി ഉപഭോക്താക്കളുടെ മാറി വരുന്ന ഷോപ്പിംഗ് സങ്കൽപ്പങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് വിഗാർഡ് ഈ സേവനത്തിന് തുടക്കമിടുന്നത്.

പോർട്ടലിൽ ലഭ്യമാകുന്ന എല്ലാ വിഗാർഡ് ഉൽപ്പന്നങ്ങളും ഇകൊമേഴ്സ് ഉപഭോക്താക്കളുടെ ആവശ്യങ്ങളനുസരിച്ച് സുരക്ഷിതമായ വിതരണം സാധ്യമാക്കുന്നതിന് മികച്ച പാക്കേജിംഗ് ഉൾപ്പെടെ പ്രത്യേകം രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. ക്യാഷ്ഓൺഡെലിവറി, 10 ദിവസത്തെ റിട്ടേൺ വിൻഡോ, സമഗ്രമായ ഉപഭോക്തൃ സേവനം, ഇടനിലക്കാരില്ലാതെയുള്ള ഇൻസ്റ്റലേഷൻ, ഉൽപ്പന്ന രജിസ്ട്രേഷൻ തുടങ്ങിയ നിരവധി സേവനങ്ങളിലൂടെ തടസ്സങ്ങളില്ലാത്തതും മികച്ചതുമായ ഷോപ്പിംഗ് അനുഭവം നൽകാനാണ് വിഗാർഡ് ലക്ഷ്യമിടുന്നത്. മാറി വരുന്ന ഉപഭോക്തൃ സങ്കൽപ്പങ്ങൾക്കനുസൃതമായി ഓൺലൈൻ രംഗത്ത് മികച്ച സേവനം നൽകുക, ഇകൊമേഴ്സ്, ഓൺലൈൻ സേവനങ്ങളിലൂടെ ഉപഭോക്താക്കളിലേക്ക് കൂടുതൽ ഉൽപ്പന്നങ്ങൾ എത്തിക്കുക തുടങ്ങിയ മേഖലകളെ ശക്തിപ്പെടുത്തുന്നത് ഞങ്ങൾ തുടർന്നു കൊണ്ടേയിരിക്കും. ഇത് ഞങ്ങളുടെ ഓൺലൈൻ, ഓഫ് ലൈൻ ബിസിനസുകൾക്ക് ഗുണം ചെയ്യുമെന്നാണ് പ്രതീക്ഷയെന്ന് വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ ഡയറക്ടറും സി ഇ ഒയുമായ വി. രാമചന്ദ്രൻ പറഞ്ഞു.

വർദ്ധിച്ചുവരുന്ന ആവശ്യകതയും ഉപഭോക്താക്കളുടെ അഭിപ്രായത്തിനുമനസരിച്ച് വിഗാർഡ് വിപുലമായ കസ്റ്റമർ കെയർ ടീം സജ്ജീകരിച്ചിട്ടുണ്ട്. എല്ലാ പ്രധാന ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകളിലും വിഗാർഡ് ഉൽപ്പന്നങ്ങൾ ഇതിനകം ലഭ്യമാണ്. കൂടാതെ, പ്രമുഖ ഡെലിവറി സേവനദാതാക്കളുമായി പങ്കാളിത്തവുമുണ്ട്. ഉൽപ്പന്നങ്ങൾക്കും ഓഫറുകൾക്കുമായി https://vguard.com/ എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# ഉയർന്ന റിവാർഡ് നേടാനുള്ള അവസരമൊരുക്കി ആമസോൺ

**കൊച്ചി:** ഈ ഉത്സവ സീസണിൽ എക്കാലത്തെയും ഉയർന്ന റിവാർഡ് നേടാനുള്ള അവസരമൊരുക്കി ആമസോൺ സെല്ലർ റിവാർഡ്സ് പ്രോഗ്രാം. 10 ലക്ഷം രൂപ വരെയുള്ള റിവാർഡുകൾക്കു പുറമെ മെഴ്സിഡീസ് ബെൻസ് കാർ നേടാനുള്ള അവസരവും ലഭിക്കും. 20 വിൽപനക്കാർക്ക് യൂറോപ്പിലേക്കോ തായ്ലൻറിലേക്കോ അവധിക്കാല യാത്രയ്ക്കും അവസരം ലഭിക്കും. വിൽപനക്കാർക്ക് അവരുടെ സുഹൃത്തുക്കളെ ആമസോൺ ഡോട്ട് ഇന്നിൽ വിൽപനക്കാരാകാൻ ക്ഷണിച്ച് റിവാർഡുകൾ നേടാനുള്ള ദ ഗ്രേറ്റ് ഇന്ത്യൻ റെഫറൽ ഓഫറും ആമസോൺ അവതരിപ്പിച്ചിട്ടുണ്ട്.

നവംബർ 10 വരെയുള്ള ആമസോൺ സെല്ലർ റിവാർഡ്സ് 2023 പ്രമോഷനിൽ പങ്കെടുക്കുകയാണ് ഈ നേട്ടങ്ങൾ ലഭിക്കാനായി വിൽപനക്കാർ ചെയ്യേണ്ടത്. സെപ്റ്റംബർ 28ന് ആരംഭിച്ച് ഒക്ടോബർ 27 വരെ നീണ്ടു നിൽക്കുന്നതുമായ രീതിയിലാണ് ദ ഗ്രേറ്റ് ഇന്ത്യൻ റഫറൽ ഓഫർ അവതരിപ്പിച്ചിരിക്കുന്നത്. വിൽപനക്കാർക്ക് തങ്ങളുടെ സുഹൃത്തുക്കളെ ആമസോൺ ഡോട്ട് ഇന്നിൽ രജിസ്റ്റർ ചെയ്യാനും വിൽപന നടത്താനും റഫർ ചെയ്യുകയും 11500 രൂപ വരെ നേടുകയും ചെയ്യാം. ഇതിൽ പങ്കെടുക്കാനായി വിൽപനക്കാർ ആമസോൺ സെല്ലർ സെൻട്രൽ വെബ്സൈറ്റിൽ പാർട്ടിസിപ്പേറ്റ് നൗ ക്ലിക്ക് ചെയ്ത് രജിസ്റ്റർ ചെയ്യാം.

# ലോക സെറിബ്രൽ പാൾസി ദിനാചരണം നിംസ് മെഡിസിറ്റിയിൽ



**തിരുവനന്തപുരം:** ലോക സെറിബ്രൽ പാൾസി ദിനാചരണത്തിന്റെ ഭാഗമായി നിംസ് സ്പെക്ട്രം ശിശു വികസന ഗവേഷണ കേന്ദ്രത്തിൽ സംഘടിപ്പിച്ച അവബോധന ക്ലാസിന്റെ ഉദ്ഘാടനം ഡിസ്എബിളിറ്റി കമ്മീഷണറും റിട്ടേഡ് ജഡ്ജിയുമായ ശ്രീ പഞ്ചപകേഷൻ നിർവ്വഹിച്ചു.

നിംസ് മെഡിസിറ്റി എം.ഡി. എം.എസ്. ഫൈസൽ ഖാൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ നെയ്യാറ്റിൻകര ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ജോസ് ഫ്രാങ്ക്ളിൻ മുഖ്യാതിഥിയായി.

കുഞ്ഞുങ്ങൾക്ക് വിദഗ്ധ പരിശീലനത്തിലൂടെയും മികച്ച തെറപ്പിയിലൂടെയും സാന്ത്വനവും പരിചരണവും നൽകുന്ന നിംസ് സ്പെക്ട്രം ശിശു വികസന ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെ ഉദ്ഘാടന പ്രസംഗത്തിൽ പഞ്ചപകേഷൻ പ്രകീർത്തിച്ചു . സെറിബ്രൽ പാൾസി രോഗബാധിതനായ സാവിയോയുടെ ആത്മകഥയായ സാഫ്നത്ത് ഫാനെയ എന്ന പുസ്തകം വായിക്കാനും സാവിയോയെ നേരിട്ട് കണ്ട അനുഭവം അദ്ധ്യക്ഷത പ്രസംഗത്തിൽ നിംസ് മെഡിസിറ്റി എം.ഡി. പങ്ക് വച്ചു. ആ കൂടികാഴ്ചയിലൂടെ നിംസ് സ്പെക്ട്രം എന്ന സംരംഭത്തിന്റെ തുടക്കം കുറിച്ചതും അതിന് നിമിത്തമായ സാവിയോ കൊണ്ട് ഈ മഹത്തായ ഉദ്യമം ഉദ്ഘാടനം നിർവ്വഹിച്ച ചരിത്ര നിമിഷങ്ങൾ ഫൈസൽ ഖാൻ പറഞ്ഞു.

ചടങ്ങിൽ മുഖ്യാതിഥിയായ നെയ്യാറ്റിൻകര ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ജോസ് ഫ്രാങ്ക്ളിൻ കുഞ്ഞുങ്ങളെ സ്വയം പര്യാപ്തയിലേക്ക് എത്തിക്കുന്നതിലേക്കായി നിംസ് മെഡിസിറ്റിയുടെ പ്രവർത്തനങ്ങൾ മാതൃകാപരമാണെന്നും കുഞ്ഞുങ്ങളുടെയും മാതാപിതാക്കളുടെയും സാന്ത്വനത്തിന്റെയും പ്രതീക്ഷയുടെയും പ്രചോദനത്തിന്റെയും ഉറവിടമായി നിംസ് മാറിയിരിക്കുന്നു എന്നും അദ്ദേഹം പറഞ്ഞു. നിംസ് മെഡിസിറ്റിയുടെ നെയ്യാറ്റിൻകര പെൻഷൻ പ്ലാൻ പദ്ധതിയെ കുറിച്ചും അദ്ദേഹം ചടങ്ങിൽ പ്രതിപാദിച്ചു.

ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ നിംസ് സ്പെക്ട്രം ഡയറക്ടറും മുൻ ആരോഗ്യ സർവ്വകലാശാല വൈസ് ചാൻസലറുമായ പ്രൊഫ.എം.കെ.സി നായർ ശിശുരോഗ വിദഗ്ദ്ധർ, പീഡിയാട്രിക് ന്യൂറോളജിസ്റ്റ്, ഡവലപ്പ്മെന്റൽ തെറാപ്പി, പീഡിയാട്രിക് ഫിസിയോതെറാപ്പി, ഒക്കുപ്പേഷണൽ തെറാപ്പി, സൈക്കോളജി, ബിഹേവിയറൽ തെറാപ്പി, സ്പെഷ്യൽ എഡ്യൂക്കേഷൻ, തുടങ്ങിയ വിവിധ ഡിപ്പാർട്ട്മെന്റകൾ സംയോജിപ്പിച്ച് കൊണ്ടുള്ള നിംസ് സ്പെക്ട്രം ശിശു വികസന ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തന രീതികളെ പറ്റി വിശദീകരിച്ചു.

